3
2022
ജൂൺ
വെള്ളി
ഇടവം 20

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-4, Issue No. 17 Page 4, Price: Rs. 2 പുസ്തകം-4 ലക്കം-17 പേജ് 4. വില 2.00 രൂപ




02 നവകേരള സൃഷ്ടിക്കായി ഇനിയും മുന്നേറണം, പറഞ്ഞതെല്ലാം നടപ്പാക്കും: മുഖ്യമന്ത്രി

03 സിവിൽ സർവീസ് ഉദ്യോഗസ്ഥരുടെ തസ്തിക കേന്ദ്രം വെട്ടിക്കുറച്ചു

04 വെള്ളത്തിൽ നിന്ന് ചാടിയ മീൻ കുടുങ്ങിയത് ചൂണ്ടയിട്ടയാളുടെ തൊണ്ടയിൽ

# കെട്ടിക്കിടക്കുന്ന ഫയലുകൾ മൂന്നുമാസത്തിനകം തീർപ്പാക്കണം



തിരുവനന്തപുരം: സർക്കാർ വകുപ്പുകളിൽ കെട്ടിക്കിടക്കുന്ന ഫയലുകൾ പ്രത്യേക പദ്ധതിയായി ഏറ്റെടുത്ത് മൂന്നു മാസത്തിനകം പൂർത്തിയാക്കാൻ മന്ത്രിമാർക്കു മുഖ്യമന്ത്രി പിണറായി വിജയൻറെ നിർദേശം. കെട്ടിക്കിടക്കുന്ന ഫയലുകളുടെ കൃത്യമായ കണക്കെടുപ്പ് ഈ മാസം പത്തിനകം പൂർത്തിയാക്കി തീർപ്പാക്കൽ യജ്ഞത്തിലേക്ക് കടക്കാനാണ് മന്ത്രിസഭായോഗത്തിൽ മുഖ്യമന്ത്രി നിർദേശിച്ചത്.

ജൂൺ 15നോടെ ഫയൽ തീർപ്പാക്കൽ യജ്ഞം ആരംഭിച്ചു സെപ്റ്റംബർ പത്തിനകം പൂർത്തിയാക്കുന്ന വിധം പദ്ധതി നടപ്പാക്കണമെന്നു മുഖ്യമന്ത്രി നിർദേശം നൽകി. ഓരോ വകുപ്പുകളും കെട്ടിക്കിടക്കുന്ന ഫയലുകളുടെ എണ്ണം, ഏതു തരത്തിലുള്ള ഫയലുകൾ തുടങ്ങിയ വിവരങ്ങൾ ശേഖരിക്കാൻ ചീഫ് സെക്രട്ടറിക്കു മുഖ്യമന്ത്രി നിർദേശം നൽകി.

ചീഫ്സെക്രട്ടറി ബന്ധപ്പെട്ട വകുപ്പു സെക്രട്ടറിമാർക്കും ഇതുസംബന്ധിച്ച നിർദേശം നൽകണം. എല്ലാ ഫയലുകളും മന്ത്രിമാർ കണ്ടു തീർപ്പാക്കേണ്ടതില്ല. സെക്രട്ടറി തലത്തിൽ കൈകാര്യം ചെയ്യേണ്ട ഫയലുകളുടെ കണക്കെടുപ്പു പ്രത്യേകം നടത്തണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

## കല്ലിടാൻ കേന്ദ്രത്തിൻെറ പ്രത്യേക അനുമതി വേണ്ടെന്ന് കെ റെയിൽ

തിരുവനന്തപുരം: സിൽവർ ലൈനിന് തത്വത്തിൽ അംഗീകാരം കിട്ടിയത് കൊണ്ടാണ് കല്ലിട്ടതെന്ന് കെ റെയിൽ. കല്ലിടാൻ കേന്ദ്രത്തിൻറെ പ്രത്യേക അനുമതി വേണ്ടെന്നും കെ റെയിൽ വിശദീകരിച്ചു.

സിൽവർലൈൻ പദ്ധതിക്ക് അനുമതി നൽകിയിട്ടില്ലെന്ന് കേന്ദ്രസർക്കാർ ഹൈക്കോടതിയെ അറിയിച്ചതിനു പിന്നാലെയാണ് കെ റെയിലിൻറെ വിശദീകരണം. പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾക്ക് മാത്രമാണ് കേന്ദ്രം തത്വത്തിലുള്ള അനുമതി നൽകിയത്.

കെ റെയിൽ കൈമാറിയ ഡിപിആർ അപൂർണമാണ്. പദ്ധതിയുടെ സാങ്കേതിക വിശദാംശങ്ങൾ ഡിപിആറിൽ ഉണ്ടായിരുന്നില്ല. ഇവ കൈമാറാൻ ആവശ്യപ്പെട്ടിട്ടുണ്ടെന്നും കേന്ദ്ര സർക്കാർ ഹൈക്കോടതിയെ അറിയിച്ചിരുന്നു.

## വിദ്വേഷ മുദ്രാവാക്യം: പോപ്പുലർ ഫ്രണ്ട് യൂണിറ്റ് സെക്രട്ടറി അറസ്റ്റിൽ

കൊച്ചി: ആലപ്പുഴയിൽ പോപ്പുലർ ഫ്രണ്ട് റാലിക്കിടെ വിദ്വേഷ മുദ്രാവാക്യം വിളിച്ച കേസിൽ ഒരാൾ കൂടി അറസ്റ്റിൽ. പോപ്പുലർ ഫ്രണ്ട് ഫോർട്ട് കൊച്ചി യൂണിറ്റ് സെക്രട്ടറി ബാഷയെയാണ്( സിദ്ദീഖ് 53) അറസ്റ്റ ചെയ്തത്.

ആലപ്പുഴ ഡിവൈഎസ്പിയുടെ നേതൃത്വത്തിലുള്ള പ്രത്യേക അന്വേഷണ സംഘമാണ് ഇയാളെ അറസ്റ്റു ചെയ്തത്. ഇതോടെ കേസിൽ അറസ്റ്റിലായവരുടെ എണ്ണം 28 ആയി. പ്രതിയെ വെള്ളിയാഴ്ച കോടതിയിൽ ഹാജരാക്കും

## മത്സ്യഫെഡിനെതിരായ കുപ്രചാരണം രാഷ്ട്രീയപ്രേരിതം ; ക്രമക്കേട് അന്വേഷിച്ചത് ചെയർമാന്റെ നിർദേശപ്രകാരം

കൊല്ലം : മത്സ്യഫെഡിനെ തകർക്കാൻ ചില കേന്ദ്രങ്ങൾ രാഷ്ട്രീയ പ്രേരിതമായ കുപ്രചാരണം നടത്തുകയാണെന്ന് ചെയർമാൻ ടി മനോഹരൻ. ശക്തികുളങ്ങര കോമൺ പ്രീ പ്രോസസിങ് സെന്ററിന്റെ (സിപിപിസി) വിറ്റുവരവിലെ വ്യത്യാസം അന്വേഷിച്ചത് ചെയർമാന്റെ നിർദേശപ്രകാരമാണ്. കുറ്റക്കാർക്കെതിരെ നടപടിയെടുത്തു. അന്വേഷണം നടക്കുകയാണ്. ക്രമക്കേട് നടത്തിയ സ്ഥിരം ജീവനക്കാരനായ അനിമോനെ സസ്പെൻഡ് ചെയ്തു.

താൽക്കാലിക ജീവനക്കാരൻ മഹേഷിനെ പിരിച്ചുവിട്ടു. ഇവരെ നിയമിച്ചത് യുഡിഎഫ് സർക്കാരിന്റെ കാലത്താണ്.

ക്രമക്കേട് വ്യക്തമായപ്പോൾ മെയ് 26ന് മത്സ്യഫെഡ് ജില്ലാ മാനേജർ ശക്തികുളങ്ങര പൊലീസിൽ പരാതി നൽകി. 30ന് വിശദ മൊഴികൊടുത്തു. മത്സ്യഫെഡ് ധനവിഭാഗം അക്കൗണ്ട്സ് ഓഫീസറുടെ നേതൃത്വത്തിലാണ് പ്രോസസിങ് സെന്ററിൽ പരിശോധിച്ചത്. സിപിപിസിയുടെ കീഴിലുള്ള നാല് അന്തിപ്പച്ച മത്സ്യ വിപണന വാഹനങ്ങളിലും കംപ്യൂട്ടർ ബില്ലിങ് സംവിധാനമാണ്. ഓരോ വാഹനത്തിലെയും വിൽപ്പന സംബന്ധിച്ച സമാഹരണ റിപ്പോർട്ട്, മത്സ്യവിൽപ്പനയിൽനിന്ന് ലഭ്യമായ തുക എന്നിവ വാഹനത്തിന്റെ സിപിസി ലോക്കറിൽ സൂക്ഷിക്കും. അടുത്ത ദിവസം ഇത് അക്കൗണ്ട്സ് വിഭാഗത്തിന് നൽകും. അന്തിപ്പച്ച യൂണിറ്റുകളിലെ അംഗങ്ങൾ ക്രമക്കേട് നടത്തിയിട്ടില്ല. അവരിൽനിന്ന് പണം സ്വീകരിച്ച രണ്ട് ജീവനക്കാർ കണക്കിൽ കൃത്രിമം കാട്ടിയതും തുക കൃത്യമായി നിക്ഷേപിക്കാതിരുന്നതുമാണ് കണ്ടെത്തിയത്. ഇത്തരത്തിൽ 2021 22 സാമ്പത്തിക വർഷം മാത്രം 75 ലക്ഷം രൂപയുടെയും 2018 മുതൽ ഇതുവരെ 93.75 ലക്ഷം രൂപയുടെയും കുറവാണ് കണ്ടെത്തിയത്.

വി ദിനകരൻ പ്രസിഡന്റായിരിക്കെ മത്സ്യഫെഡിൽ നടന്ന ക്രമക്കേട് സംബന്ധിച്ച് അന്വേഷണം തുടരുകയാണെന്നും ചെയർമാൻ ടി മനോഹരൻ പറഞ്ഞു. ഭരണ സമിതി അംഗം ജി രാജാദാസ്, ഡെപ്യൂട്ടി ജനറൽ മാനേജർ എൻ അനിൽകുമാർ, മത്സ്യഫെഡ് ജില്ലാ മാനേജർ നൗഷാദ്, അക്കൗണ്ട്സ് ഓഫീസർ എസ് സുരേഷ്കുമാർ എന്നിവരും വാർത്താസമ്മേളനത്തിൽ പങ്കെടുത്തു.

## സർവേ നടത്തിയ ഭൂമി പണയംവയ്ക്കാൻ തടസ്സമില്ലെന്ന് സർക്കാർ

കൊച്ചി : സിൽവർ ലൈൻ പദ്ധതിക്കായി സാമൂഹിക ആഘാതപഠനത്തിന് സർവേ നടത്തിയ ഭൂമി പണയംവയ്ക്കാൻ തടസ്സമില്ലെന്ന് സർക്കാർ ഹൈക്കോടതിയെ അറിയിച്ചു. ഭൂമി ഈടായി സ്വീകരിക്കാൻ തടസ്സമില്ലെന്ന് വ്യക്തമാക്കി കലക്ടർമാർക്കും രജിസ്ട്രേഷൻ ഐജിക്കും സഹകരണ രജിസ്ട്രാർക്കും നിർദേശം നൽകി ഉത്തരവിറക്കിയതായും സർക്കാർ സത്യവാങ്മൂലത്തിൽ വ്യക്തമാക്കി. സാമൂഹിക ആഘാതപഠനത്തിന് ജിയോടാഗ് സംവിധാനം ഉപയോഗിക്കാൻ ഉത്തരവിറക്കിയിട്ടുണ്ട്. സിൽവർ ലൈൻ സർവേക്കെതിരായ ഹർജികളിൽ കോടതി നിർദേശപ്രകാരമാണ് സർക്കാരിന്റെ വിശദീകരണം.

സിൽവർ ലൈൻ പദ്ധതിക്ക് ഭൂമി ഏറ്റെടുക്കുന്നതിനു മുന്നോടിയായി സാമൂഹികാഘാത വിലയിരുത്തൽ പഠനം നടത്തുന്നതും അലൈൻമെന്റിന്റെ അതിരടയാളം സ്ഥാപിക്കുന്നതും കേന്ദ്ര ധന മന്ത്രാലയം പുറത്തിറക്കിയ ഓഫീസ് മെമ്മോറാണ്ട പ്രകാരമാണെന്ന് കെ റെയിൽ. പദ്ധതിക്ക് തത്വത്തിൽ അംഗീകാരം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ഇതുപ്രകാരം പ്രവർത്തിക്കാം.

സർക്കാർ പദ്ധതികൾക്ക് നിക്ഷേപത്തിനു മുന്നോടിയായി ചെയ്യാവുന്ന കാര്യങ്ങൾ 2016 ആഗസ്തിലെ കേന്ദ്ര മെമ്മോറാണ്ടത്തിൽ പറയുന്നുണ്ട്. സാധ്യതാ പഠനം, സർവേ, ഭൂമിക്ക് നഷ്ട പരിഹാരം നൽകൽ, അതിർത്തി മതിലുകളുടെ നിർമാണം, വനഭൂമി തരം മാറ്റുന്നതിനുള്ള പണം നൽകൽ തുടങ്ങിയവയ്ക്കെല്ലാം അനുമതിയുണ്ട്. പദ്ധതി നടപ്പാക്കുന്ന സംസ്ഥാന സർക്കാരിന് ഭൂമി ഏറ്റെടുക്കാം, സാമൂഹികാഘാത പഠനം നടത്താം. അതിർത്തിയിൽ അതിരടയാള കല്ലുകൾ സ്ഥാപിക്കാനും അധികാരമുണ്ട്. ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ സംസ്ഥാന സർക്കാരിന്റെ അധികാരപരിധിയിലാണ്. അതിന് കേന്ദ്ര സർക്കാരിന്റെയോ റെയിൽവേ ബോർഡിന്റെയോ പ്രത്യേക അനുമതി വേണ്ട. ഡിപിആർ കേന്ദ്ര റെയിൽവേ ബോർഡ് പരിശോധിച്ചു വരികയാണ്. പ്രാഥമിക പരിശോധനയ്ക്കു ശേഷം ബോർഡ് ആവശ്യപ്പെട്ട റെയിൽവേ ഭൂമിയുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ വൈകാതെ സമർപ്പിക്കുമെന്നും കെ റെയിൽ അറിയിച്ചു.

സിൽവർലൈൻ പദ്ധതിക്കായി കെ റെയിൽ സമർപ്പിച്ച വിശദ പദ്ധതിരേഖ അപൂർണമാണെന്ന് കേന്ദ്രസർക്കാർ ഹൈക്കോടതിയെ അറിയിച്ചു. കോടതി നിർദേശപ്രകാരമാണ് കേന്ദ്രസർക്കാരും റെയിൽവേ ബോർഡും അധികസത്യവാങ്മൂലം നൽകിയത്. പദ്ധതിയുടെ സാങ്കേതികകാര്യങ്ങൾ സംബന്ധിച്ച് ഡിപിആറിൽ മതിയായ വിവരങ്ങൾ ഇല്ലാത്തതിൽ വ്യക്തത തേടിയിട്ടുണ്ട്. പൂർണമായ ഡിപിആർ ലഭിച്ചാലേ പദ്ധതിയുടെ സാമ്പത്തികസാധ്യത വിലയിരുത്തുകയുള്ളൂ. !പദ്ധതിക്ക് തത്വത്തിലുള്ള അനുമതിമാത്രമാണ് നൽകിയത്. സാങ്കേതികകാര്യങ്ങളിലും നിക്ഷേപസാധ്യതകളിലുമുള്ള പ്രാരംഭ പ്രവർത്തനാനുമതിയാണിത്. സാമൂഹികാഘാത പഠനത്തിന് റെയിൽവേ ബോർഡും കേന്ദ്രസർക്കാരും അനുമതി നൽകിയിട്ടില്ല.

സർവേയുടെ ഭാഗമായി കുറ്റിയിടാനും അനുമതി നൽകിയിട്ടില്ല. നിർദിഷ്ട അലൈൻമെ?ന്റ് മാഹിക്കടുത്ത് റെയിൽവേഭൂമിയിലൂടെയാണ് പോകുന്നത്. ഈ സാഹചര്യത്തിൽ അലൈൻമെ?ന്റ് പ്ലാൻ റെയിൽവേ സ്വകാര്യ ഭൂമി, റെയിൽ ലൈൻ എന്നിവ മുറിച്ചുകടന്നുപോകുന്നുണ്ടെങ്കിൽ ആ വിവരങ്ങളിലടക്കം വ്യക്തത തേടിയിട്ടുണ്ട്. പൂർണമായ വിശദ പദ്ധതിരേഖ ലഭിച്ച ശേഷം സൂക്ഷ്മപരിശോധന ആവശ്യമുണ്ടെന്നും കേന്ദ്രസർക്കാർ ഹൈക്കോടതിയെ അറിയിച്ചു.

## അധ്യാപകരുടെ ജോലിഭാരം: നിർദ്ദേശം സമർപ്പിക്കാം

സംസ്ഥാനത്തെ സർക്കാർ/ എയ്ഡഡ് ആർട്സ് & സയൻസ് കോളേജുകളിലെ അധ്യാപകരുടെ ജോലിഭാരവും തസ്തികകളും പുനർനിർണയിച്ച് പുറപ്പെടുവിച്ച ഉത്തരവിന്റെ പ്രത്യാഘാതങ്ങൾ പഠിച്ച് ശുപാർശ സമർപ്പിക്കുന്നതിന് സർക്കാർ നിയോഗിച്ച കമ്മിറ്റി അധ്യാപക/ പ്രിൻസിപ്പൽ/ മാനേജ്മെന്റ് സംഘടനകളിൽ നിന്നും വ്യക്തികളിൽ നിന്നുമുള്ള അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ക്ഷണിച്ചു. അഭിപ്രായങ്ങളും നിർദ്ദേശങ്ങളും h-e-dn-comm-i-tte@gm-a-i-l.com ൽ ജൂൺ 10നകം സമർപ്പിക്കണം.

അഭിപ്രായങ്ങൾ പരിശോധിച്ചശേഷം ആവശ്യമെങ്കിൽ കൂടിക്കാഴ്ചയ്ക്ക് വിളിക്കും.

## സിദ്ദു മൂസെവാലയുടെ കൊലപാതകം തിരിച്ചടിക്കുമെന്ന് ഭീഷണി സന്ദേശം

ചണ്ഡീഗഢ്: പഞ്ചാബി ഗായകനും കോൺഗ്രസ് നേതാവുമായ സിദ്ദു മൂസെവാലയുടെ കൊലപാതകത്തിൽ രണ്ട് ദിവസത്തിനകം തിരിച്ചടിയുണ്ടാകുമെന്ന് ഭീഷണി. ഗുണ്ടാനേതാവ് നീരജ് ബവാനയുടെ പേരിലുള്ള ഫേസ്ബുക്ക് പ്രൊഫൈലിലൂടെയാണ് ഭീഷണി സന്ദേശം.

നിലവിൽ ഡൽഹി ജയിലിലാണ് ബവാനയുള്ളത്. 'സിദ്ദുമൂസെവാല ഹൃദയമായിരുന്നു, സഹോദരൻ. രണ്ട് ദിവസത്തിനകം തിരിച്ചടി ഉണ്ടാകും' എന്നാണ് ഫേസ്ബുക്ക് സ്റ്റോറിയിൽ പറഞ്ഞിരിക്കുന്നത്.

ഡൽഹിയിലെ വലിയ ഗുണ്ടാനേതാവായ നീരജ് ബവാന, ഇയാളുടെ സംഘങ്ങളായ ടില്ലു തക്പുരിയ, കൗശൽ ഗുരുഗ്രാം, ദവീന്ദർ ഭാമിയ എന്നിവരെയും ടാഗ് ചെയ്തിട്ടുണ്ട്. ഭീഷണി പുറത്തുവന്നതോടെ പൊലീസ് സൽമാൻ ഖാൻ അടക്കമുള്ള ബോളിവുഡ് താരങ്ങളുടെ സുരക്ഷ വർധിപ്പിച്ചിട്ടുണ്ട്. കൊലപാതകത്തിൽ പങ്കുണ്ടെന്ന് പൊലീസ് സംശയിക്കുന്ന അധോലോക നേതാവ് ലോറൻസ് ബിഷ്ണോയി നേരത്തെ സൽമാൻ ഖാനെ വധിക്കുമെന്ന് ഭീഷണിപ്പെടുത്തിയിരുന്നു.

തിഹാർ ജയിലിൽ നിന്ന് ട്രാൻസിറ്റ് വാറന്റിൽ കസ്റ്റഡിയിലെടുത്ത ലോറൻസ് ബിഷ്ണോയിയുടെ ചോദ്യം ചെയ്യൽ തുടരുകയാണ്. തന്നെ വ്യാജ ഏറ്റുമുട്ടലിൽ വധിച്ചേക്കുമെന്ന് കാട്ടി ഡൽഹി ഹൈക്കോടതിയിൽ നൽകിയ ഹർജി ബിഷ്ണോയ് പിൻവലിച്ചു. പകരം പഞ്ചാബ്ഹരിയാന ഹൈക്കോടതിയെ സമീപിച്ചേക്കും.

## ജമ്മു കശ്മീരിൽ വീണ്ടും ഭീകരാക്രമണം; ബാങ്ക് മാനേജരെയും തൊഴിലാളിയെയും വെടിവച്ചുകൊന്നു

ശ്രീനഗർ : മൂന്നുദിവസത്തിനിടെ ജമ്മുകശ്മീരിൽ രണ്ടാം വട്ടവും ഭീകരരുടെ തെരഞ്ഞുപിടിച്ചുള്ള കൊല അരങ്ങേറി. കുൽഗാം ജില്ലയിൽ ബാങ്ക് മാനേജരെയും ബദ്ഗാമിൽ അതിഥിത്തൊഴിലാളിയേയും വ്യാഴാഴ്ച ഭീകരർ വെടിവച്ചുകൊന്നു. രാജസ്ഥാൻ കാരനും കുൽഗാം ജില്ലയിലെ മോഹൻപൊര എലാകി ദേഹതി ബാങ്ക് മാനേജരുമായ വിജയ് കുമാറി(27)നെ വ്യാഴം രാവിലെയാണ് ബാങ്കിലെത്തി ഭീകരർ വെടിവച്ചത്. ആശുപത്രിയിലെത്തിച്ചെങ്കിലും മരിച്ചു. കൊലയുടെ സിസിടിവി ദൃശ്യം പുറത്തുവന്നു.

'കശ്മീർ ഫ്രീഡം ഫൈറ്റേഴ്സ്' എന്ന ഭീകരസംഘടന ഉത്തരവാദിത്വമേറ്റു. കശ്മീരിന്റെ ജനസംഖ്യാഘടന മാറ്റാൻ ശ്രമിക്കുന്നവർക്ക് ഇത് പാഠമാകണമെന്നും സംഘടന ഭീഷണി മുഴക്കി. വ്യാഴാഴ്ച രാത്രിയാണ് ബദ്ഗാമിൽ അതിഥിത്തൊഴിലാളിയെ ഭീകരർ വെടിവച്ചുകൊന്നത്. വെടിവയ്പിൽ മറ്റൊരു തൊഴിലാളിക്ക് പരിക്കേറ്റു.

ചൊവ്വാഴ്ചയാണ് കുൽഗാമിൽ രജിനി ബാലയെന്ന ഹൈസ്കൂൾ അധ്യാപികയെ ജെയ്ഷെ ഭീകരർ വധിച്ചത്.തെരഞ്ഞുപിടിച്ചുള്ള കൊല തുടർക്കഥയായതോടെ കശ്മീരിനു പുറത്തുനിന്നുള്ള ജീവനക്കാരെ സുരക്ഷിത സ്ഥലങ്ങളിലേക്ക് മാറ്റിനിയമിച്ച് ലഫ്. ഗവർണർ മനോജ് സിൻഹ ഉത്തരവിറക്കി.

## ദേശീയ ഹരിത ട്രൈബ്യൂണൽ ഹൈക്കോടതിക്ക് താഴെയെന്ന് സുപ്രീം കോടതി

ന്യൂഡൽഹി: ദേശീയ ഹരിത ട്രൈബ്യൂണൽ (എൻജിടി) ഒരു നീതിന്യായക്കോടതിയാണെങ്കിലും അതിന്റെ അധികാരപരിധി ഹൈക്കോടതിക്ക് താഴെയാണെന്നും സുപ്രീം കോടതി.

വിശാഖപട്ടണത്തെ ഋഷികോണ്ട കുന്നുകളിലെ നിർമ്മാണ പ്രവർത്തനങ്ങൾ നിരോധിച്ചുകൊണ്ടുള്ള ദേശീയ ഹരിത ട്രൈബ്യൂണൽ ഉത്തരവ് റദ്ദാക്കിക്കൊണ്ടാണ് സുപ്രീം കോടതിയുടെ നിരീക്ഷണം. ഭരണഘടനാ കോടതികളുടെ ഉത്തരവുകൾക്ക് ട്രൈബ്യൂണലുകളെക്കാൾ പ്രാബല്യമുണ്ടെന്ന് ജസ്റ്റിസുമാരായ ബി ആർ ഗവായ്, ഹിമ കോഹ്!ലി എന്നിവരടങ്ങിയ അവധിക്കാല ബെഞ്ച് ചൂണ്ടിക്കാട്ടി.



'എൻജിടിയും ഹൈക്കോടതിയും പരസ്പരവിരുദ്ധമായ ഉത്തരവുകൾ പുറപ്പെടുവിക്കുന്നത് അസാധാരണമായ ഒരു സാഹചര്യത്തിലേക്ക് നയിക്കും. ഏത് ഉത്തരവുകൾ പാലിക്കണമെന്ന് അധികാരികൾക്ക് ആശയക്കുഴപ്പമുണ്ടാകും. അത്തരം സാഹചര്യത്തിൽ ഭരണഘടനാ കോടതിയുടെ ഉത്തരവുകൾ നിയമാനുസൃത ട്രൈബ്യൂണലുകളെക്കാൾ നിലനിൽക്കുംസുപ്രീം കോടതി ചൂണ്ടിക്കാട്ടി.

ഹൈക്കോടതി ഉത്തരവുണ്ടായിട്ടും എൻജിടിക്ക് മുമ്പാകെ നടപടികൾ തുടരുന്നത് നിയമപരമായി നിലനിൽക്കുന്നതല്ലെന്ന് ആന്ധ്രാ സർക്കാരിന് വേണ്ടി ഹാജരായ മുതിർന്ന അഭിഭാഷകൻ അഭിഷേക് മനു സിംഘ്!വി വാദിച്ചു. തുടർന്ന് ഹൈക്കോടതി ഉത്തരവിനു മേൽ എൻജിടി നടപടി തുടരുന്നത് നിയമപരമായി നിലനില്ക്കില്ല എന്നതിനാൽ എൻജിടി നടപടികൾ റദ്ദാക്കുന്നുവെന്ന് സുപ്രീം കോടതി പറഞ്ഞു.

അതേസമയം രാജ്യത്തിന്റെ സാമ്പത്തിക പുരോഗതിക്ക് വികസനം ആവശ്യമാണെങ്കിലും, ഭാവിയിലേക്കായി മലിനീകരണ രഹിതമായ അന്തരീക്ഷം സംരക്ഷിക്കുന്നതിന് പരിസ്ഥിതിയെ സംരക്ഷിക്കേണ്ടത് അത്യാവശ്യമാണെന്നും കോടതി ചൂണ്ടിക്കാട്ടി.

## യുഎസിൽ വീണ്ടും വെടിവയ്പ്; നാല് മരണം

വാഷിങ്ടൺ: ഒക്ലഹാമയിലെ ടൽസയിലുള്ള ആശുപത്രി കാമ്പസിലുണ്ടായ വെടിവയ്പ്പിൽ നാലു പേർ കൊല്ലപ്പെട്ടു. റൈഫിളും കൈതോക്കും ഉപയോഗിച്ചാണ് അക്രമി വെടിയുതിർത്തത്. ആക്രമണത്തിനു ശേഷം ഇയാൾ സ്വയം വെടിയുതിർത്ത് ആത്മഹത്യ ചെയ്തു.

നാലുമിനിറ്റ് നേരമാണ് ആക്രമണം നീണ്ടത്. ആക്രമണത്തിന് പിന്നാലെ ആശുപത്രി കെട്ടിടം ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ പൊലീസ് സുരക്ഷ ശക്തമാക്കിയതായി ടൽസ പൊലീസ് ചീഫ് എറിക് ഡാൽഗ്ലൈഷ് പറഞ്ഞു.

അടിയന്ത ഫോൺ കാൾ ലഭിച്ചയുടൻ പൊലീസ് പ്രവർത്തന സജ്ജരായിട്ടുണ്ടെന്നും ആശുപത്രിയിൽ ഓരോ നിലയിലെയും ഓരോ റൂമുകളിൽ നിന്നും ആളുകളെ ഒഴിപ്പിക്കൽ അധ്വാനമേറിയ ജോലിയായിരുന്നെന്നും പൊലീസ് ഓഫീസർ പറഞ്ഞു.

നിരവധി പേർക്ക് വെടിയേൽക്കുകയും പരിക്കേൽക്കുയും ചെയ്തിട്ടുണ്ട്. പരിക്കേറ്റവരുടെ എണ്ണം സംബന്ധിച്ച് ഔദ്യോഗിക സ്ഥിരീകരണമില്ല.

ഒരു മാസത്തിനിടെ അമേരിക്കയിൽ നടക്കുന്ന മൂന്നാമത്തെ ആക്രമണമാണിത്. ആദ്യം മേയ് 14ന് പതിനെട്ടുകാരൻ ന്യൂയോർക്കിലെ ബഫലോയിൽ 10 പേരെ വെടിവെച്ച് കൊന്നിരുന്നു. 10 ദിവസത്തിനു ശേഷം ഉവാൾഡയിലെ എലമെന്ററി സ്കൂളിൽ 18 കാരൻ നടത്തിയ വെടിവയ്പ്പിൽ 19 കുട്ടികൾ ഉൾപ്പെടെ 21 പേർ കൊല്ലപ്പെട്ടു.

ആക്രമണങ്ങളെ തുടർന്ന് തോക്ക് ലോബിക്കെതിരെ ശക്തമായ പ്രതിഷേധമാണ് അമേരിക്കൻ ജനതക്കിടയിൽ ഉടലെടുക്കുന്നത്. തോക്ക് ലോബിയെ നിയന്ത്രിക്കാനും തോക്ക് വില്പനയും കൈവശംവയ്ക്കലുമുൾപ്പെടെ തടയാനും ശ്രമിക്കുമെന്ന് അമേരിക്കൻ പ്രസിഡന്റ് ജോ ബൈഡൻ പ്രതികരിച്ചിരുന്നു.

# നവകേരള സൃഷ്ടിക്കായി ഇനിയും മുന്നേറണം, പറഞ്ഞതെല്ലാം നടപ്പാക്കും: മുഖ്യമന്ത്രി



പല കാര്യങ്ങളിലും ലോകത്തിനു മാതൃകയായ കേരളം ഇനിയും വലിയ മുന്നേറ്റങ്ങൾ നടത്തണമെന്നും നവകേരള സൃഷ്ടിക്കായി സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള വികസന പദ്ധതികൾ നടപ്പാക്കുമെന്നു ജനങ്ങൾക്ക് ഉറപ്പുനൽകുന്നതായും മുഖ്യമന്ത്രി പിണറായി വിജയൻ. സംസ്ഥാന സർക്കാരിന്റെ ഒന്നാം വാർഷികാഘോഷ സമാപന ചടങ്ങിൽ ആദ്യ വർഷത്തെ പ്രോഗ്രസ് റിപ്പോർട്ട് ജനങ്ങൾക്കു മുന്നിൽ അവതരിപ്പിച്ചു സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി.

വലിയ പ്രതിസന്ധിക്കിടയിലും ലോകത്തിനു മാതൃകയായ വികസന മുന്നേറ്റം നടത്താൻ കഴിഞ്ഞത് സർക്കാരും പൊതുജനങ്ങളും ഒത്തൊരുമയോടെയുള്ള പ്രവർത്തനം നടത്തിയതുകൊണ്ടാണെന്നു മുഖ്യമന്ത്രി പറഞ്ഞു. 2016ലെ സർക്കാർ അധികാരത്തിലെത്തിയ ശേഷം കേരളത്തിനുണ്ടായ മാറ്റങ്ങൾ ആരും സമ്മതിക്കുന്നതാണെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. സമഗ്രവും സർവതല സ്പർശിയും സാമൂഹിക നീതിയിൽ അധിഷ്ഠിതവുമായ വികസനം സാധ്യമാക്കുമെന്നു പ്രകടന പത്രികയിൽ വാഗ്ദാനം നൽകിയാണു സർക്കാർ അധികാരത്തിലെത്തിയത്. അക്കാര്യം അതേരീതിയിൽ നടപ്പാക്കുന്നതിന് ഒട്ടേറെ തടസങ്ങളും പ്രയാസങ്ങളും പ്രതിബന്ധങ്ങളും പ്രതിസന്ധികളും നേരിടേണ്ടതായിവന്നു. ഓഖി, പ്രളയം, നിപ, കാലവർഷക്കെടുതികൾ, കോവിഡ് മഹാമാരി തുടങ്ങി ഇടവേള കിട്ടാതെ പ്രതിസന്ധികളെ അഭിമുഖീകരിച്ച നാളുകളായിരുന്നു കഴിഞ്ഞ ആറു വർഷം. പ്രതിസന്ധികൾ ഒന്നിനുപുറകേ ഒന്നായി വന്നപ്പോൾ തലയിൽ കൈവച്ചു നിലവിളിച്ചിരിക്കുകയല്ല കേരളം ചെയ്തത്. ജനങ്ങൾ ഒറ്റക്കെട്ടായി അണിനിരന്നു. ലോകം അത്ഭുതാദരങ്ങളോടെയാണ് അതു നോക്കിക്കണ്ടത്. ഈ വൻ പ്രതിസന്ധിയിലും കേരളം കാണിച്ച ഒരുമ. പ്രതിസന്ധികളെ അതിജീവിക്കാൻ നടത്തിയ പ്രവർത്തനങ്ങൾ വലിയ താത്പര്യത്തോടെയാണു ലോകം നോക്കിക്കണ്ടത്.

2016ലെ സർക്കാർ അധികാരമേൽക്കുമ്പോൾ സാമൂഹ്യ സുരക്ഷാ പെൻഷൻ തുക 18 മാസം കുടിശികയായിരുന്നു. ആ തുക കിട്ടി കണ്ണടയുമോയെന്ന ആശങ്കയിലായിരുന്നു പാവങ്ങൾ. കുടിശിക തീർത്തെന്നു മാത്രമല്ല, 600 രൂപയായിരുന്ന പെൻഷൻ തുക 1600 രൂപയായി. 25 ലക്ഷം പേർ കൂടുതലായി പെൻഷൻ വാങ്ങാൻ തുടങ്ങി. 32034 കോടി രൂപ പെൻഷൻ ഇനത്തിൽ വിതരണം നടത്തി. പൊതുവിതരണ മേഖലയിൽ കഴിഞ്ഞ അഞ്ചു വർഷംകൊണ്ട് 10,697 കോടി രൂപ ചെലവാക്കി. മാവേലി സ്റ്റോറുകളിലൂടെ നൽകുന്ന 13 ഇനം ഭക്ഷ്യ സാധനങ്ങൾ 2016ലെ വിലയ്ക്കാണ് ഇപ്പോഴും നൽകുന്നത്. വിലക്കയറ്റം തടയാൻ ഏറ്റവും ഫലപ്രദമായി വിപണിയിൽ ഇടപെടുന്ന സംസ്ഥാനമാണു കേരളം. രാജ്യത്ത് ഏറ്റവും കുറഞ്ഞ വിലക്കയറ്റം അനുഭവപ്പെടുന്നതും ഇവിടെയാണ്. രണ്ടു വർഷത്തെ കണക്കുമാത്രമെടുത്താൽ 9,702 കോടി രൂപയാണു വിലക്കയറ്റം പിടിച്ചു നിർത്താൻ മാത്രം ചെലവാക്കിയത്. സംസ്ഥാനത്ത് 87,01,000 റേഷൻ കാർഡുകളാണു നേരത്തേ ഉണ്ടായിരുന്നത്. ഇത് 89,80,000 ആക്കി ഉയർത്തി. 876 ജനകീയ ഹോട്ടലുകൾ ഇപ്പോൾ സംസ്ഥാനത്തു പ്രവർത്തിക്കുന്നുണ്ട്.

ദുരിതാശ്വാസ നിധിയിൽ നിന്ന് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 5432 കോടി രൂപ ചെലവാക്കി. 3729 കോടി പ്രളയ ദുരിതാശ്വാസവും 1703 കോടി പ്രളയേതര ദുരിതാശ്വാസത്തിനുമാണു ചെലവാക്കിയത്. 2021 ഫെബ്രുവരി വരെയുള്ള കണക്കു പ്രകാരം 6,58,998 പേർക്കു ദുരിതാശ്വാസ നിധിയിലൂടെ സംസ്ഥാനത്തു സഹായം ലഭിച്ചു. ലൈഫ് ഭവന പദ്ധതിയിൽ 2,51,684 വീടുകൾ കഴിഞ്ഞ സർക്കാർ നിർമിച്ചു. ഇപ്പോഴത്തെ സർക്കാർ അധികാരത്തിലെത്തി ഒരു വർഷം കൊണ്ടു നിർമിച്ച വീടുകൾ കൂടി ചേരുമ്പോൾ ഇത് 2,95,006 ആകും. ഇത് മൂന്നു ലക്ഷത്തോടടുക്കുകയാണ്. വീട് നിർമിക്കുന്നതിനു നേരത്തേ നൽകിയിരുന്ന 2.5 ലക്ഷം രൂപ നാലു ലക്ഷമാക്കി ഉയർത്തി.

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 1,76,000 പട്ടയങ്ങൾ വിതരണം ചെയ്തു. ഒരു വർഷംകൊണ്ട് 54,535 പട്ടയങ്ങൾകൂടി വിതരണം ചെയ്യാൻ കഴിഞ്ഞു. ഒരു വർഷംകൊണ്ട് ഇത്രയും പട്ടയങ്ങൾ വിതരണം ചെയ്യാൻ കഴിഞ്ഞതു മാതൃകാപരമാണ്. കഴിഞ്ഞ അഞ്ചു വർഷം കൊണ്ട് 2,23,000 ഹെക്ടർ നെൽകൃഷി ചെയ്തു. നെല്ല് ഉത്പാദനത്തിലും വലിയ വർധനവുണ്ടായി. പാൽ ഉത്പാദനത്തിൽ സ്വയംപര്യാപ്തതയോടടുത്തുനിൽക്കുകയാണ്. കോഴിമുട്ടയടക്കം മറ്റു സംസ്ഥാനങ്ങളെ ആശ്രയിക്കുന്ന അവസ്ഥയ്ക്ക് ഉടൻ അറുതിവരുത്താനാകും.

സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ മേഖല അഭൂതപൂർവമാംവിധം ശാക്തീകരിക്കപ്പെട്ടു. ആറു വർഷം മുൻപ് കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ അഞ്ചു ലക്ഷം കുട്ടികളുടെ കുറവായിരുന്നു. 2000 ഓളം സ്കൂളുകൾ പൂട്ടാൻ തീരുമാനിച്ച നിലയിലായിരുന്നു. അവിടെനിന്നാണു മാറ്റമുണ്ടായത്. 2016 മുതലുള്ള ആറു വർഷംകൊണ്ടു 10 ലക്ഷത്തോളം കുട്ടികളുടെ വർധന പൊതുവിദ്യാലയങ്ങളിലുണ്ടായി. കോവിഡ് കാലത്ത് ഡിജിറ്റൽ വിദ്യാഭ്യാസം യാഥാർഥ്യമാക്കാൻ വലിയ ഇടപെടലാണു കേരളം നടത്തിയത്. ഡിജിറ്റൽ വിദ്യാഭ്യാസ മേഖലയിലെ ഇടപെടൽ കോവിഡിനു മുൻപുതന്നെ വിജയകരമായി സർക്കാർ നടപ്പാക്കിത്തുടങ്ങിയിരുന്നു. 1,19,054 ലാപ്ടോപ്പുകൾ കഴിഞ്ഞ സർക്കാരിന്റെ കാലത്തു വിതരണം ചെയ്തു. അഞ്ചു വർഷംകൊണ്ട് ഈ രംഗത്ത് 20,800 കോടി രൂപ ചെലവാക്കി. പാഠപുസ്തകത്തിനു വിദ്യാർഥികൾ നട്ടംതിരിയുന്ന ഒരു കാലം മുൻപു കേരളത്തിലുണ്ടായിരുന്നു. ആറു മാസത്തോളം പാഠപുസ്തകം ലഭിക്കാത്ത അവസ്ഥയായിരുന്നു അന്ന്. ഇപ്പോൾ അധ്യയന വർഷം തുടങ്ങുംമുൻപേ പാഠപുസ്തകങ്ങൾ വിതരണം ചെയ്തുകഴിഞ്ഞു. നാടിന്റെ ഭാവി കരുപ്പിടിപ്പിക്കുന്നതിൽ വിദ്യാർഥികളുടെ സ്ഥാനം വലുതാണ്. അവരുടെ വിദ്യാഭ്യാസത്തിന് ഒരു മുടക്കവുമുണ്ടാകരുത്.

വൈദ്യുതി മേഖലയിൽ മികച്ച പുരോഗതിയുണ്ടാക്കാൻ സർക്കാരിനു കഴിഞ്ഞു. സമ്പൂർണ വൈദ്യുതീകരണം പ്രഖ്യാപിച്ചു. എല്ലാ വീടുകളിലും ശുദ്ധമായ കുടിവെള്ളമെത്തിക്കാൻ നടപടികൾ സ്വീകരിച്ചു. ജൽ ജീവൻ മിഷൻ 2024ഓടെ പൂർത്തിയാക്കുകയെന്ന ലക്ഷ്യത്തോടെയാണു മുന്നോട്ടുപോകുന്നത്. സംസ്ഥാനത്തെ 67,15,000 ഗ്രാമീണ വീടുകളിൽ 202021ൽ 21,64,000 ഇടത്ത് കുടിവെള്ള കണക്ഷനുകൾ നൽകി. ഈ വർഷം 25,50,000 കണക്ഷനുകൾ നൽകാനുള്ള നടപടികൾ മുന്നോട്ടുപോകുന്നു.

11580 കിലോമീറ്റർ റോഡ് നവീകരണം പൂർത്തിയാക്കി. 10 ജില്ലകളിൽ 443 കിലോമീറ്റർ റോഡുകൾ ഏഴു വർഷത്തേക്ക് ഒരുമിച്ചു പരിപാലനത്തിനു കരാർ നൽകി. 166 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ ആദ്യ ഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രമാക്കി മാറ്റിയിരുന്നു. രണ്ടാം ഘട്ടത്തിൽ 504 എണ്ണം നിശ്ചയിച്ചതിൽ 369ന്റെ നിർമാണം പൂർത്തിയാക്കി. 135 ഇടത്ത് നിർമാണം അതിവേഗം പുരോഗമിക്കുന്നു. കോവിഡ് മഹാമാരിക്ക് ഒരു ഘട്ടത്തിലും കേരളത്തിന്റെ ആരോഗ്യ സംവിധാനങ്ങളെ കവച്ചുവയ്ക്കാനായില്ല.

സംസ്ഥാനത്തെ 661 തദ്ദേശ സ്ഥാപനങ്ങൾ സമ്പൂർണ ശുചിത്വ പദവി നേടി. ഉറവിട മാലിന്യ സംസ്കരണ സംവിധാനമുള്ള പഞ്ചായത്തുകളുടെ എണ്ണത്തിലും വലിയ പുരോഗതിയുണ്ടായി. കഴിഞ്ഞ അഞ്ചു വർഷംകൊണ്ട് 1,57,911 നിയമനങ്ങൾ നടത്തി. 2021 മേയ് 21 മുതൽ കഴിഞ്ഞ ഏപ്രിൽ 30 വരെ 22,345 പേർക്കു നിയമന ശുപാർശ നൽകി. ചെറുപ്പക്കാർ വിദ്യാർഥികൾ തുടങ്ങിയവർ തൊഴിൽ തേടുന്നവർ മാത്രമല്ല, തൊഴിൽ ദാതാക്കളുമായി മാറുന്ന കാഴ്ചയാണ് ഇന്നു നാട്ടിൽ. സ്റ്റാർട്ടപ്പുകളുടെ കേന്ദ്രമായി കേരളം മാറി. അഞ്ചു വർഷംകൊണ്ട് 3900 സ്റ്റാർട്ടപ്പുകളുണ്ടായി. ഈ വർഷം 850 സ്റ്റാർട്ടപ്പുകൾ കൂടി ആരംഭിച്ചു. സ്റ്റാർട്ടപ്പുകളെ സഹായിക്കാൻ രൂപം നൽകിയ ഏഞ്ചൽ ഫണ്ടിലെ 10.5 കോടി രൂപയും വിനിയോഗിച്ചു. ടെക്നോപാർക്ക്, ഇൻഫോ പാർക്ക്, സൈബർ പാർക്ക് എന്നിവിടങ്ങളിൽ 29 ലക്ഷം ചതുരശ്ര അടി സ്ഥലം പുതുതായി നിർമിച്ചു.

സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളുടെ മേഖലയിൽ അഞ്ചു വർഷം കൊണ്ട് 1,40,000 സംരംഭങ്ങളുണ്ടായി. കഴിഞ്ഞ ഒരു വർഷംകൊണ്ട് 14,403 പുതിയ സംരംഭങ്ങൾ തുടങ്ങി. 3247 എംഎസ്എംഇ യൂണിറ്റുകൾ ആരംഭിച്ചു 373 കോടിയുടെ നിക്ഷേപം പുതുതായി ഈ വർഷം വന്നു. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കുടുംബശ്രീ അംഗത്വം 45 ലക്ഷമായിരുന്നു. ഇപ്പോൾ അത് 45,85,000 ആയി. പ്രവാസി ക്ഷേമനിധി പദ്ധതിയിലെ അംഗത്വം 5,06,000 ൽനിന്ന് ഏഴു ലക്ഷമാക്കി ഉയർത്താൻ കഴിഞ്ഞു.

ടെക്നോപാർക്കിൽ രണ്ടു ലക്ഷം ചതുരശ്ര അടി വിസ്തീർണത്തിൽ 105 കോടി കിഫ്ബി ധനസഹായത്തോടെ പുതിയ കെട്ടിടം നിർമിക്കുന്നതിനു നടപടി തുടങ്ങി. കൊച്ചി ഇൻഫോപാർക്കിന്റെ ഒന്ന്, രണ്ട് പദ്ധതി പ്രദേശങ്ങളിൽ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്ക് 57,250 ചതുരശ്ര അടി പ്ലഗ് ആൻഡ് പ്ലേ ഐടി സ്പേസിന്റെ നിർമാണം പൂർത്തിയാക്കി. ഗെയിൽ പൈപ്പ് ലൈൻ യാഥാർഥ്യമാക്കിയതു വഴി കൊച്ചി നഗരത്തിലെ 8864 വീടുകളിൽ പാചകവാതകം എത്തിക്കാനായി. 13,500ലധികം വീടുകളിൽ കണക്ഷൻ ലഭ്യമാക്കാനുള്ള അടിസ്ഥാന സൗകര്യങ്ങളുമൊരുങ്ങി. ഇപ്പോഴുള്ള ഗാർഹിക പാചക വാതക ഇന്ധനത്തേക്കാൾ 30 ശതമാനത്തിന്റെ വിലക്കുറവുണ്ടാക്കുന്നതാണിത്. സംസ്ഥാനത്തെ മറ്റു ജില്ലകളിലും കാലതാമസമില്ലാതെ സിറ്റി ഗ്യാസ് കണക്ഷൻ ഉറപ്പാക്കാൻ നടപടിയെടുക്കും.

തൊഴിലുറപ്പ് പദ്ധതിയിൽ ജോലി ചെയ്യുന്നവരുടെ എണ്ണം 13 ലക്ഷത്തിൽനിന്ന് 15 ലക്ഷമായി ഉയർത്തുമെന്നായിരുന്നു പ്രഖ്യാപനം. എന്നാൽ ഒരു വർഷംകൊണ്ട് 16,45,000 കുടുംബങ്ങൾ ഇപ്പോൾ തൊഴിലുറപ്പു പദ്ധതി പ്രകാരമുള്ള തൊഴിലെടുക്കുന്നവരായി. 18,99,000 വ്യക്തികൾ ഇന്നു പദ്ധതിയുടെ ഭാഗമാണ്. കോവളം ബേക്കൽ 616 കിലോമീറ്റർ ജലപാത യാഥാർഥ്യമാക്കുന്നതിനുള്ള നടപടി പുരോഗമിക്കുന്നു. കനോലി കനാലിന്റെ പുനരുജ്ജീവന പദ്ധതിക്കു തുടക്കംകുറിച്ചു. കൊച്ചി വാട്ടർ മെട്രോ കേരളത്തിന്റെ ടൂറിസം, ഗതാഗത മേഖലയിൽ വലിയ മാറ്റമുണ്ടാക്കും.

കേരള പേപ്പർ പ്രൊഡക്ട്സ് ലിമിറ്റഡ് സംസ്ഥാനത്തെ പൊതുമേഖലാ സംരക്ഷണത്തിന്റെ മകുടോദാഹരണമാണെന്നു മുഖ്യമന്ത്രി പറഞ്ഞു. വെള്ളൂർ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് സംസ്ഥാന സർക്കാർ ലേലത്തിൽ സ്വന്തമാക്കുകയായിരുന്നു. 145 കോടിയുടെ ബാധ്യത തീർത്താണു സ്വന്തം പേപ്പർ നിർമാണ കമ്പനിക്കു സർക്കാർ രൂപം നൽകിയത് നാലു ഘട്ടങ്ങളായി ഇതിന്റെ വികസനം പൂർത്തിയാക്കും. 3200 കോടി വിറ്റുവരവുള്ളസ്ഥാപമായി ഇതിനെ മാറ്റും.

തിരുവനന്തപുരം ഔട്ടർ റിങ് റോഡ് പദ്ധതി 5235 കോടി ചെലവിൽ പൂർത്തിയാക്കും. ടെൻഡർ നടപടികൾ വരുന്ന നവംബറിൽ പൂർത്തിയാക്കി റോഡ് നിർമാണം ആരംഭിക്കും. കേന്ദ്ര, സംസ്ഥാന വിഹിതമുപയോഗിച്ചു നിർമിക്കുന്ന പദ്ധതിയിൽ സംസ്ഥാന വിഹിതം 1040 കോടിയാണ്. റോഡിനൊപ്പം അനുബന്ധ വികസന പദ്ധതികളും വിഭാവനം ചെയ്യുന്ന പദ്ധതി തലസ്ഥാന നഗരിയുടെ മുഖഛായ മാറ്റും.

മഴുപ്പിലങ്ങാടി ബീച്ച് നവീകരണത്തിനുള്ള 61 കോടിയുടെ പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. ഇവിടുത്തെ പഞ്ചനക്ഷത്ര ഹോട്ടൽ നിർമാണം 2023ൽ പൂർത്തിയാക്കും. ഒരു വർഷത്തിനകം 125 കിമീ ദേശീയ പാത വികസനം പൂർത്തിയാക്കും. പാലങ്ങൾ, റെയിൽവേ ഓവർ ബ്രിഡ്ജുകൾ, ബൈപാസ് തുടങ്ങിയ പദ്ധതികളുടെ നിർമാണവും ഇതിനൊപ്പം നടക്കും. നിലേശ്വരം റെയിൽ ഓവർ ബ്രിഡ്ജ്, പാലൊളി പാലം, തലശേരി മാഹി ബൈപാസ്, കഴക്കൂട്ടം കാരോട് ബൈപാസ്, കഴക്കൂട്ടം ഫ്ളൈ ഓവർ, കുതിരാൻ തുരങ്കം തുടങ്ങിയവ ഉടൻ പൂർത്തിയാക്കും. ആക്കുളം തടാകത്തിന്റെ പുനരുജീവനം പദ്ധതിക്കുള്ള നടപടികൾ ത്വരിതപ്പെടുത്തും. മൂല്യവർധിത വ്യവസായ രംഗത്തു കുതിച്ചു ചാട്ടമുണ്ടാക്കാൻ റബർ പാർക്കും കോഫി പാർക്കും റൈസ് പാർക്കും സ്പൈസസ് പാർക്കും ഫുഡ് പാർക്കുകളും സജ്ജമാക്കുന്ന നടപടികൾ വേഗത്തിലാക്കും.

പുതുവൈപ്പ് എൽപിജി ടെർമനിനൽ ഈ വർഷം ഡിസംബറിൽ കമ്മിഷൻ ചെയ്യും. കൊച്ചി മെട്രോയുടെ തൃപ്പൂണിത്തുറവരെയുള്ള കണക്റ്റിവിറ്റി ഉടൻ പൂർത്തിയാക്കും. വാട്ടർ മെട്രോ പദ്ധതി പൂർത്തിയാകുന്നതോടെ എട്ടു ബോട്ട് ജെട്ടികളെ ബന്ധിപ്പിച്ച് ഒരു വർഷത്തിനകം 10 ബോട്ടുകൾ സർവീസ് ആരംഭക്കും. കടലാക്രമണം രൂക്ഷ ചെല്ലാനത്ത് 346 കോടി ചെലവിൽ കടൽഭിത്തി നിർമാണം ഒരു വർഷംകൊണ്ടു പൂർത്തിയാക്കും. സംസ്ഥാനത്തു പുതുതായി 1510 ഹെൽത്ത് ആൻഡ് വെൽനസ് സെന്റുകൾ സ്ഥാപിക്കും. ഇഹെൽത്ത് പദ്ധതി 170 ആശുപത്രികളിൽക്കൂടി വ്യാപിപ്പിക്കും. കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ തിരുവനന്തപുരം, കോഴിക്കോട് മെഡിക്കൽ കോളജുകളിലും ആരംഭിക്കും. രവിവർമ ആർട്ട് ഗ്യാലറിയുടെ പുതിയ കെട്ടിട നിർമാണം ഉടൻ പൂർത്തിയാക്കും.

ഉന്നത വിദ്യാഭ്യാസ മേഖലയിൽ വലിയ ഇടപെടൽ നടത്തും. എല്ലാ സ്ഥാപനങ്ങളും കാലാനുസൃത മാറ്റം കണ്ടുവരും. പശ്ചാത്തല സൗകര്യവും അക്കാദമിക മികവും സാധ്യമാക്കും. ഉന്നത വിദ്യാഭ്യാസത്തിന്റെ ഹബ്ബാക്കി കേരളത്തെ മറ്റുകയാണു സർക്കാരിന്റെ ലക്ഷ്യം. ഈ വർഷം സർവകലാശാലകളുമായി ബന്ധിപ്പിച്ച് 1500 പുതിയ ഹോസ്റ്റൽ മുറികൾ തുറക്കും. ഇതിൽ 250 എണ്ണം അന്താരാഷ്ട്ര നിലവാരത്തിലുള്ളതാകും. 500 നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ് നൽകും. ഈ വർഷം 150 എണ്ണം നൽകുകമെന്നു പ്രഖ്യാപിച്ചിരുന്നു. ഇതിൽ 77 പേർക്കു നൽകിക്കഴിഞ്ഞതായും മുഖ്യമന്ത്രി പറഞ്ഞു.

രാജ്യത്തു ജനകീയ ബദലിന്റെ ആറു വർഷമാണു പൂർത്തിയാകുന്നതെന്നു ചടങ്ങിൽ അധ്യക്ഷത വഹിച്ച റവന്യൂ മന്ത്രി കെ. രാജൻ പറഞ്ഞു. എന്തു പ്രതിസന്ധിയുണ്ടായാലും ജനങ്ങൾക്കു നെഞ്ചിൽ ചേർത്തുപിടിക്കാൻ കഴിയുന്ന മിത്രമായാണു സർക്കാരിന്റെ പ്രവർത്തനമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. നിശാഗന്ധി ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ മന്ത്രിമാരായ റോഷി അഗസ്റ്റിൻ, എ.കെ. ശശീന്ദ്രൻ, അഹമ്മദ് ദേവർകോവിൽ, ആന്റണി രാജു, വി. ശിവൻകുട്ടി, ജി.ആർ. അനിൽ, കെ. രാധാകൃഷ്ണൻ, എം.വി. ഗോവിന്ദൻ മാസ്റ്റർ, സജി ചെറിയാൻ, വി.എൻ. വാസവൻ, പി. പ്രസാദ്, കെ.എൻ. ബാലഗോപാൽ, വീണാ ജോർജ്, പി. രാജീവ്, എ.എ. റഹീം എംപി, എം.എൽ.എമാരായ കടകംപള്ളി സുരേന്ദ്രൻ, വി.കെ. പ്രശാന്ത്, സി.കെ. ഹരീന്ദ്രൻ, ഡി.കെ. മുരളി, കെ. ആൻസലൻ, വി. ജോയി, രാമചന്ദ്രൻ കടന്നപ്പള്ളി, കെ.പി. മോഹനൻ, ചീഫ് സെക്രട്ടറി ഡോ. വി.പി. ജോയ്, പൊതുഭരണ വകുപ്പ് ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കെ.ആർ. ജ്യോതിലാൽ, ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്ടർ എസ്. ഹരികിഷോർ, ജില്ലാ കളക്ടർ ഡോ. നവ്ജ്യോത് ഖോസ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

## കെട്ടിടം വാടകയ്ക്കെടുക്കുന്നു

പട്ടികവർഗ വികസന വകുപ്പിനു കീഴിൽ നെടുമങ്ങാട് ഐ.റ്റി.ഡി.പി ഓഫീസറുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന ജി. കാർത്തികേയൻ മെമ്മോറിയൽ മോഡൽ റസിഡൻഷ്യൽ സ്കൂൾ പ്രവർത്തിപ്പിക്കുന്നതിനായി നെടുമങ്ങാട്, കാട്ടാക്കട താലൂക്കുകളിൽ 300 വിദ്യാർഥികൾക്ക് താമസിച്ച് പഠിക്കുന്നതിന് അനുയോജ്യവും സുരക്ഷിതവുമായ കെട്ടിടം വാടകയ്ക്ക് നൽകുന്നതിന് താത്പര്യമുള്ളവരിൽ നിന്നു പ്രൊപ്പോസൽ ക്ഷണിച്ചു. പ്രൊപ്പോസൽ ജൂൺ എട്ടിനു വൈകിട്ടു നാലിനു മുമ്പ് ഡയറക്ടർ, ഡയറക്ടറേറ്റ്, പട്ടികവർഗ വികസന വകുപ്പ്, വികാസ്ഭവൻ 4-ാം നില, വികാസ്ഭവൻ, തിരുവനന്തപുരം-695033 എന്ന വിലാസത്തിൽ ലഭിക്കണം. ടോൾ ഫ്രീ നമ്പർ: 18004252312, 0471-2303229. പ്രോജക്ട് ഓഫീസ്, നെടുമങ്ങാട്: 0472-2812557.

## സ്പോർട്സ് ക്വാട്ട അഡ്മിഷന് അപേക്ഷ ക്ഷണിച്ചു

സംസ്ഥാനത്തെ എൻജിനിയറിങ്, മെഡിക്കൽ, ആയുർവേദ, ഹോമിയോപതിക്, അഗ്രികൾച്ചർ കോളേജുകളിൽ കായിക താരങ്ങൾക്കായി സംവരണം ചെയ്തിട്ടുള്ള സീറ്റുകളിലേക്ക് സ്പോർട്സ് ക്വാട്ട അഡ്മിഷന് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ അപേക്ഷ ക്ഷണിച്ചു.

2020-21, 2021-22 സാമ്പത്തിക വർഷങ്ങളിൽ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ അംഗീകരിച്ചിട്ടുള്ള കായികയിനങ്ങളിൽ ജില്ലയെ പ്രതിനിധീകരിച്ച് സംസ്ഥാന മത്സരങ്ങളിൽ (യൂത്ത്/ ജൂനിയർ) പങ്കെടുത്ത് മൂന്നാം സ്ഥാനമെങ്കിലും നേടിയിരിക്കണം. അപേക്ഷകർ എൻട്രൻസ് എക്സാമിനേഷൻസ് കമ്മീഷണർക്ക് സമർപ്പിക്കുന്ന അപേക്ഷയുടെ ഫോട്ടോസ്റ്റാറ്റ് കോപ്പി, കായിക നേട്ടങ്ങളുടെ സർട്ടിഫിക്കറ്റുകളുടെ പകർപ്പ് ഉൾപ്പെടെ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ സമർപ്പിക്കണം.

## ടി.സി കൈപ്പറ്റണം

സ്കോൾകേരള മുഖേന 202022 ബാച്ചിൽ ഹയർ സെക്കൻഡറി കോഴ്സ് പഠനം പൂർത്തിയാക്കിയ പ്രൈവറ്റ് രജിസ്ട്രേഷൻ വിദ്യാർഥികൾ പരീക്ഷാകേന്ദ്രത്തിൽ നിന്നും ഓപ്പൺ റഗുലർ വിദ്യാർഥികൾ സ്കോൾ കേരളയുടെ ബന്ധപ്പെട്ട ജില്ലാകേന്ദ്രങ്ങളിൽ നിന്നും ടി.സി കൈപ്പറ്റണം. ഓപ്പൺ റഗുലർ വിദ്യാർഥികളുടെ Conduct Certificate പഠന കേന്ദ്രങ്ങളിൽ നിന്ന് ലഭിക്കും. വിദ്യാർഥികൾ സ്കോൾ കേരള അനുവദിച്ചിട്ടുള്ള തിരിച്ചറിയൽ കാർഡുമായി നേരിട്ടെത്തി ബന്ധപ്പെട്ട കേന്ദ്രങ്ങളിൽ നിന്ന് ഇവ കൈപ്പറ്റണം. ഓപ്പൺ റഗുലർ കോഴ്സിന് 01, 05, 09, 39 എന്നീ സബ്ജക്ട് കോമ്പിനേഷനുകളിൽ പ്രവേശനം നേടിയ, കോഴ്സ് ഫീസ് പൂർണമായും ഒടുക്കിയ വിദ്യാർഥികൾ ടി.സി വാങ്ങുമ്പോൾ കോഷൻ ഡെപ്പോസിറ്റ് തുക തിരികെ ലഭിക്കുന്നതിനുള്ള രസീത് ജില്ലാ ഓഫീസിൽ നിന്നും വാങ്ങി വിശദാംശങ്ങൾ രേഖപ്പെടുത്തി തിരികെ നൽകേണ്ടതാണെന്ന് എക്സിക്യൂട്ടീവ് ഡയറക്ടർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് സംസ്ഥാന ജില്ലാ ഓഫീസുകളിലെ ഫോൺ നമ്പറുകളിൽ ബന്ധപ്പെടാം.

## യു.പി.എസ്.സി. സിവിൽ സർവീസ് പരീക്ഷയ്ക്ക് ക്രമീകരണങ്ങൾ പൂർത്തിയായി

യൂണിയൻ പബ്ലിക് സർവ്വീസ് കമ്മീഷൻ ജൂൺ അഞ്ചിനു നടത്തുന്ന സിവിൽ സർവ്വീസ് പരീക്ഷയ്ക്കുള്ള ഒരുക്കങ്ങൾ സംസ്ഥാനത്തു പൂർത്തിയായി. രാവിലെ 9:30 മുതൽ 11:30 വരെയും ഉച്ചയ്ക്ക് 2:30 മുതൽ 4:30 വരെയുമായി രണ്ട് സെഷനുകളായാണ് പരീക്ഷ. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവയാണു കേരളത്തിലെ പരീക്ഷാ കേന്ദ്രങ്ങൾ.

പരീക്ഷ തുടങ്ങുന്നതിന് ഒരു മണിക്കൂർ മുമ്പായി പരീക്ഷാർഥികൾ പരീക്ഷാ കേന്ദ്രങ്ങളിൽ പ്രവേശിക്കണം. പരീക്ഷ സമയത്തിനു 10 മിനുട്ട് മുമ്പ് ഹാളിൽ പ്രവേശിച്ചാൽ മാത്രമെ പരീക്ഷ എഴുതാൻ അനുവദിക്കു. ഡൗൺലോഡ് ചെയ്ത് അഡ്മിറ്റ് കാർഡിനൊപ്പം അഡ്മിറ്റ് കാർഡിൽ നൽകിയ ഫോട്ടോയുള്ള ഐഡന്റിറ്റി കാർഡും കയ്യിൽകരുതണം. ഉത്തരസൂചിക പൂരിപ്പിക്കാൻ കറുത്ത ബാൾപോയിന്റ് പേന ഉപയോഗിക്കണം. മൊബൈൽ ഫോണുകൾ, ക്യാമറകൾ, ഇലക്ട്രോണിക് വാച്ചുകൾ, കാൽക്കുലേറ്ററുകൾ മറ്റ് ഏതെങ്കിലും തരത്തിലുള്ള ഇലക്ട്രോണിക് ഉപകരണങ്ങൾ പരീക്ഷാഹാളിൽ അനുവദനീയമല്ല. പരീക്ഷാ സമയം തീരുന്നത് വരെ പരീക്ഷാർത്ഥികൾക്ക് പുറത്തുപോകാൻ അനുവാദം ഇല്ല.

കോവിഡ് പോസിറ്റീവായിട്ടുള്ള പരീക്ഷാർത്ഥികളെ പരീക്ഷയെഴുതാൻ അനുവദിക്കില്ല. നിർബന്ധമായും മാസ്ക് ധരിച്ച് മാത്രമെ പരീക്ഷ സെന്ററിൽ പ്രവേശിക്കാൻ പാടുള്ളു.

## വാക്ക് ഇൻ ഇന്റർവ്യൂ 6ന്

റീജിയണൽ ക്യാൻസർ സെന്ററിൽ കരാറടിസ്ഥാനത്തിൽ അസിസ്റ്റന്റ് എൻജിനിയറെ (ഇലക്ട്രിക്കൽ) നിയമിക്കുന്നതിന് 6ന് വാക്ക് ഇൻ ഇന്റർവ്യൂ നടത്തും. വിശദവിവരങ്ങൾക്ക്: www.rcctvm.gov.in.

# പൗരത്വ നിയമ ഭേദഗതി: നിലപാടിൽ ഉറച്ചു നിൽക്കുമെന്നു മുഖ്യമന്ത്രി

പൗരത്വ നിയമ ഭേദഗതിയുമായി ബന്ധപ്പെട്ട വിഷയത്തിൽ കേരളം മുൻപു സ്വീകരിച്ച നിലപാടിൽ ഉറച്ചു നിൽക്കുമെന്നും ഭരണഘടനയിൽ പറയുന്ന കാര്യങ്ങൾക്കു വിരുദ്ധമായി പൗരത്വം നിർണയിക്കാൻ ആർക്കും അധികാരമില്ലെന്നും മുഖ്യമന്ത്രി പിണറായി വിജയൻ. സംസ്ഥാന സർക്കാരിന്റെ ഒന്നാം വാർഷികാഘോഷ ചടങ്ങ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. രാജ്യത്തിന്റെ മതനിരപേക്ഷത തകർക്കാനുള്ള ശ്രമങ്ങൾ നടക്കുന്നതായി മുഖ്യമന്ത്രി ചൂണ്ടിക്കാട്ടി. വലിയ തോതിൽ വർഗീയ ശക്തികളെ പ്രോത്സാഹിപ്പിക്കുന്നു. ഇത് ഒരു വിഭാഗം ജനങ്ങളിൽ പ്രത്യേകമായ അരക്ഷിതാവസ്ഥയും ആശങ്കയുമുണ്ടാക്കുന്നുണ്ട്. മതാടിസ്ഥാനത്തിൽ പൗരത്വം നിർണയിക്കുക എന്നതു രാജ്യത്തിനു ചേരുന്ന നടപടിയല്ല. പൗരത്വം മതാടിസ്ഥാനത്തിൽ നിർണയിക്കേണ്ട ഒന്നല്ല. ഇതു സംബന്ധിച്ച കേന്ദ്ര നിലപാടിൽ രാജ്യത്ത് ആദ്യമേ അറച്ചുനിൽപ്പില്ലാതെ നിലപാടു പരസ്യമായി പ്രഖ്യാപിച്ച സംസ്ഥാനമാണു കേരളം. പൗരത്വ നിയമ ഭേദഗതി സംസ്ഥാനത്ത് നടപ്പാക്കില്ല എന്നായിരുന്നു നിലപാട്. ഇതുമായി ബന്ധപ്പെട്ടു വലിയ അഭിപ്രായങ്ങൾ ഉയർന്നിരുന്നു. കേന്ദ്രം നിലപാടെടുത്താൽ അതിൽനിന്നു വ്യത്യസ്തമായ നിലപാടു സ്വീകരിക്കാൻ സംസ്ഥാനത്തിനാകുമോ എന്നായിരുന്നു ചോദ്യങ്ങൾ. അവിടെയാണ് ബദലിന്റെ കാമ്പെന്നും മുഖ്യമന്ത്രി പറഞ്ഞു. മതനിരപേക്ഷത സംരക്ഷിക്കാനാണു ഭരണഘടന നിലകൊള്ളുന്നത്. മതനിരപേക്ഷതയാണു ഭരണഘടന ഉറപ്പുനൽകുന്നത്. ഭരണഘടനയിൽ പറയുന്ന കാര്യങ്ങൾക്കു വിരുദ്ധമായി പൗരത്വം നിർണയിക്കാൻ ആർക്കും അധികാരമില്ല. അത്തരം പ്രശ്നം ഉയർന്നുവരുമ്പോൾ ഭരണഘടനയാണ് ഉയർന്നു നിൽക്കുന്നത്. ഭരണഘടനയിലെ കാര്യങ്ങൾവച്ചാണു കേരളം നിലപാടെടുത്ത്. വീണ്ടും പലഘട്ടങ്ങളിലായി ഇത്തരം ഒരുപാടു പ്രഖ്യാപനങ്ങൾ ഉത്തരവാദപ്പെട്ട പലരിൽനിന്നും പൗരത്വ നിയമ ഭേദഗതി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ടു വന്നിട്ടുണ്ട്. ആ ഘട്ടങ്ങളിലെല്ലാം സംസ്ഥാനം സംസ്ഥാനത്തിന്റെ നിലപാടിൽ ഉറച്ചു നിൽക്കുകയാണു ചെയ്തിട്ടുള്ളത്. ഇനിയും അതുതന്നെയാകും തുടരുക. നമ്മുടെ രാജ്യത്ത് പലേടങ്ങളിലായി പലതരത്തിലുള്ള സർവെകൾ നടക്കുകയാണ്. അത് ജനങ്ങളെ ഭിന്നിപ്പിക്കാൻ ഉതകുന്ന സർവേകൾകൂടിയാണ്. ചില ആരാധനാലയങ്ങൾ കേന്ദ്രീകരിച്ചു വർഗീയ സംഘർഷം സൃഷ്ടിക്കാനുള്ള സർവെകൾ നടക്കുന്ന റിപ്പോർട്ടുകൾ വരുന്നുണ്ടെന്നും മുഖ്യമന്ത്രി ചൂണ്ടിക്കാട്ടി.

# ഇതുവരെ 193.53 കോടിയിൽ അധികം വാക്സിൻ ഡോസുകൾ സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കും നൽകി

ന്യൂഡൽഹി: രാജ്യത്തൊട്ടാകെ കോവിഡ്19 പ്രതിരോധ കുത്തിവയ്പ് അതിവേഗത്തിൽ നൽകുന്നതിന് കേന്ദ്ര ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്.

എല്ലാവർക്കും കോവിഡ് 19 പ്രതിരോധ കുത്തിവയ്പു നൽകുന്ന പുതിയ ഘട്ടത്തിന് രാജ്യത്ത് 2021 ജൂൺ 21 നാണ് തുടക്കമായത്. പ്രതിരോധ മരുന്നു കൂടുതൽ ലഭ്യമാക്കിയതും, സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കും മരുന്നുലഭ്യത മുൻകൂട്ടി അറിയാൻ കഴിഞ്ഞതും മികച്ച ആസൂത്രണത്തിനും വിതരണശൃംഖല സുതാര്യമാക്കുന്നതിനും സഹായിച്ചു.

രാജ്യവ്യാപക പ്രതിരോധ കുത്തിവയ്പു പരിപാടിയുടെ ഭാഗമായി, സൗജന്യമായി വാക്സിനുകൾ നൽകി കേന്ദ്ര ഗവണ്മെന്റ് സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കും പിന്തുണ നൽകി വരികയാണ്. കോവിഡ്19 പ്രതിരോധ കുത്തിവയ്പ് പരിപാടിയുടെ പുതിയ ഘട്ടത്തിൽ വാക്സിനുകളുടെ 75% കേന്ദ്ര ഗവണ്മെന്റ് സംഭരിക്കും. ഇങ്ങനെ സംഭരിക്കുന്ന വാക്സിനുകൾ സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കും സൗജന്യമായി നൽകും.

കേന്ദ്ര ഗവണ്മെന്റ് സൗജന്യമായി ലഭ്യമാക്കിയതും സംസ്ഥാനങ്ങൾ നേരിട്ട് സംഭരിച്ചതുമുൾപ്പടെ ഇതുവരെ 193.53 കോടിയിൽ അധികം (1,93,53,58,865) വാക്സിൻ ഡോസുകൾ സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കും കൈമാറിയിട്ടുണ്ട്. 15.16 കോടിയിൽ അധികം (15,16,36,435) കോവിഡ് വാക്സിൻ ഡോസുകൾ സംസ്ഥാനങ്ങളുടെയും കേന്ദ്രഭരണ പ്രദേശങ്ങളുടെയും പക്കൽ ഇപ്പോഴും ലഭ്യമാണ്.

### വ്യാവസായിക ട്രൈബ്യൂണൽ സിറ്റിംഗ്

പാലക്കാട് വ്യാവസായിക ട്രൈബ്യൂണലും ഇൻഷ്വറൻസ് കോടതി ജഡ്ജിയും എംപ്ലോയീസ് കോമ്പൻസേഷൻ കമ്മിഷണറുമായ സാബു സെബാസ്റ്റ്യൻ ജൂൺ 6, 7, 13, 14, 20, 21, 27, 28 തീയതികളിൽ പാലക്കാട് റവന്യൂ ഡിവിഷണൽ മജിസ്ട്രേറ്റ് കോടതി ഹാളിലും 3, 9 തീയതികളിൽ പെരിന്തൽമണ്ണ സബ് ഡിവിഷണൽ മജിസ്ട്രേറ്റ് കോടതി ഹാളിലും 17, 24 തീയതികളിൽ മഞ്ചേരി ഇന്ദിരാഗാന്ധി ബസ് ടെർമിനൽ ബിൽഡിംഗിലെ ഒന്നാം നിലയിലെ കോടതി ഹാളിലും തൊഴിൽ തർക്ക കേസുകളും ഇൻഷ്വറൻസ് കേസുകളും എംപ്ലോയീസ് കോമ്പൻസേഷൻ കേസുകളും വിചാരണ ചെയ്യും.

## ഭക്ഷ്യ വകുപ്പ് മന്ത്രിയുടെ പ്രതിമാസ ഫോൺ ഇൻ പരിപാടി ജൂൺ 3ന്

ഭക്ഷ്യ-പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ് മന്ത്രി ജി.ആർ. അനിൽ പൊതുജനങ്ങളുമായി നേരിട്ട് സംവദിക്കുന്ന പ്രതിമാസ ഫോൺ ഇൻ പരിപാടി ജൂൺ 3ന് ഉച്ചയ്ക്ക് 2 മുതൽ 3 വരെ നടക്കും. ഫോണിലൂടെ മന്ത്രിയെ നേരിട്ട് അറിയിക്കാം. നമ്പർ: 8943873068.




എന്റെ കേരളം പ്രദർശനം : ഏറ്റവും മികച്ച രണ്ടാമത്തെ സ്റ്റാളിനുള്ള പുരസ്കാരം കേരള പോലീസിന്

# കലാലയങ്ങളിൽ മയക്കുമരുന്നിനെതിരെ കർശന ജാഗ്രത വേണം: മന്ത്രി എം വി ഗോവിന്ദൻ മാസ്റ്റർ

സ്കൂളുകളിലും കോളജുകളിലും ഹോസ്റ്റലുകളിലും മയക്കുമരുന്നിനെതിരെ കർശന ജാഗ്രത വേണമെന്ന് തദ്ദേശ സ്വയം ഭരണ എക്സൈസ് വകുപ്പ് മന്ത്രി എം വി ഗോവിന്ദൻ മാസ്റ്റർ പറഞ്ഞു. സിന്തറ്റിക് ലഹരി മരുന്നുകളുടെ ഉപയോഗം കേരളത്തിൽ വർദ്ധിക്കുകയാണ്. ഈ അപകടകരമായ സ്ഥിതി മുന്നിൽക്കണ്ടുകൊണ്ടുള്ള ജാഗ്രത സമൂഹം പുലർത്തണമെന്നും മന്ത്രി ആവശ്യപ്പെട്ടു. സംസ്ഥാന ലഹരി വർജന മിഷനായ വിമുക്തിയുടെ എക്സിക്യുട്ടീവ് കമ്മിറ്റി യോഗത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി.

സ്കൂളിനും കോളേജിനുമൊപ്പം ജാഗ്രതയോടെയുള്ള പ്രവർത്തനം ഹോസ്റ്റലുകളിലും നടത്തണമെന്ന് മന്ത്രി നിർദേശിച്ചു. കലാലയങ്ങളിലെ ലഹരി വിരുദ്ധ ക്ലബ്ബുകൾ മയക്കുമരുന്ന് സംഘങ്ങളെക്കുറിച്ച് എക്സൈസിന് രഹസ്യവിവരം നൽകുന്ന സംവിധാനമാക്കി മാറ്റാനാകണം.

പ്രായഭേദമില്ലാതെ മയക്കുമരുന്ന് സമൂഹത്തിൽ വ്യാപിക്കുന്നുണ്ടെന്നും മന്ത്രി പറഞ്ഞു. സാമൂഹ്യ പിന്നോക്കാവസ്ഥ അനുഭവിക്കുന്ന വിഭാഗങ്ങൾ താമസിക്കുന്ന സങ്കേതങ്ങൾ കേന്ദ്രീകരിച്ചും ബോധവത്കരണം ശക്തമാക്കണം. സംസ്ഥാനത്തെ എല്ലാ തദ്ദേശ വാർഡുകളിലും ജാഗ്രതാ സമിതികൾ രൂപീകരിച്ച് കഴിഞ്ഞിട്ടുണ്ട്. സമിതികളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാനും മന്ത്രി നിർദേശിച്ചു. കായിക സാംസ്കാരിക മേഖലയിൽ കൃത്യമായ ലക്ഷ്യം വെച്ച് നടക്കുന്ന പദ്ധതികൾ വിപുലീകരിക്കും.

നിലവിൽ നല്ല രീതിയിൽ നടക്കുന്ന സാംസ്കാരിക/ഗ്രന്ഥശാലാ സംഘങ്ങളുടെ ലഹരി വിരുദ്ധ പ്രവർത്തനം കൂടുതൽ ഊർജ്ജസ്വലമാക്കാനും യോഗം തീരുമാനിച്ചു.

ലഹരിയിൽ നിന്ന് മോചനം നേടുന്നതിനായുള്ള ഡീ അഡിക്ഷൻ സെന്ററുകൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടെന്ന് യോഗം വിലയിരുത്തി. അലോപ്പതിക്കൊപ്പം ആയുർവേദ ഹോമിയോ മേഖലകളും നൂതന ചികിത്സാ രീതികൾ മുന്നോട്ടുവെച്ചിട്ടുണ്ട്.

ഇതെല്ലാം പരിഗണിച്ചുകൊണ്ട് സംയോജിത ചികിത്സാ രീതി ഡീ അഡിക്ഷൻ കേന്ദ്രങ്ങളിൽ നടപ്പാക്കാനും എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനിച്ചു. പൊതുഭരണം നികുതിവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കെ ആർ ജ്യോതിലാൽ ഐ എ എസ്, എക്സൈസ് കമ്മീഷണർ എസ് ആനന്ദകൃഷ്ണൻ ഐപിഎസ്, വിവിധ വകുപ്പുകളിലെ ഉയർന്ന ഉദ്യോഗസ്ഥർ തുടങ്ങിയവരും യോഗത്തിൽ പങ്കെടുത്തുക ലാലയങ്ങളിൽ മയക്കുമരുന്നിനെതിരെ കർശന ജാഗ്രത വേണം: മന്ത്രി എം വി ഗോവിന്ദൻ മാസ്റ്റർ സ്കൂളുകളിലും കോളജുകളിലും ഹോസ്റ്റലുകളിലും മയക്കുമരുന്നിനെതിരെ കർശന ജാഗ്രത വേണമെന്ന് തദ്ദേശ സ്വയം ഭരണ എക്സൈസ് വകുപ്പ് മന്ത്രി എം വി ഗോവിന്ദൻ മാസ്റ്റർ പറഞ്ഞു. സിന്തറ്റിക് ലഹരി മരുന്നുകളുടെ ഉപയോഗം കേരളത്തിൽ വർദ്ധിക്കുകയാണ്. ഈ അപകടകരമായ സ്ഥിതി മുന്നിൽക്കണ്ടുകൊണ്ടുള്ള ജാഗ്രത സമൂഹം പുലർത്തണമെന്നും മന്ത്രി ആവശ്യപ്പെട്ടു.

സംസ്ഥാന ലഹരി വർജന മിഷനായ വിമുക്തിയുടെ എക്സിക്യുട്ടീവ് കമ്മിറ്റി യോഗത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി. സ്കൂളിനും കോളേജിനുമൊപ്പം ജാഗ്രതയോടെയുള്ള പ്രവർത്തനം ഹോസ്റ്റലുകളിലും നടത്തണമെന്ന് മന്ത്രി നിർദേശിച്ചു. കലാലയങ്ങളിലെ ലഹരി വിരുദ്ധ ക്ലബ്ബുകൾ മയക്കുമരുന്ന് സംഘങ്ങളെക്കുറിച്ച് എക്സൈസിന് രഹസ്യവിവരം നൽകുന്ന സംവിധാനമാക്കി മാറ്റാനാകണം. പ്രായഭേദമില്ലാതെ മയക്കുമരുന്ന് സമൂഹത്തിൽ വ്യാപിക്കുന്നുണ്ടെന്നും മന്ത്രി പറഞ്ഞു. സാമൂഹ്യ പിന്നോക്കാവസ്ഥ അനുഭവിക്കുന്ന വിഭാഗങ്ങൾ താമസിക്കുന്ന സങ്കേതങ്ങൾ കേന്ദ്രീകരിച്ചും ബോധവത്കരണം ശക്തമാക്കണം. സംസ്ഥാനത്തെ എല്ലാ തദ്ദേശ വാർഡുകളിലും ജാഗ്രതാ സമിതികൾ രൂപീകരിച്ച് കഴിഞ്ഞിട്ടുണ്ട്.

സമിതികളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാനും മന്ത്രി നിർദേശിച്ചു. കായിക സാംസ്കാരിക മേഖലയിൽ കൃത്യമായ ലക്ഷ്യം വെച്ച് നടക്കുന്ന പദ്ധതികൾ വിപുലീകരിക്കും. നിലവിൽ നല്ല രീതിയിൽ നടക്കുന്ന സാംസ്കാരിക/ഗ്രന്ഥശാലാ സംഘങ്ങളുടെ ലഹരി വിരുദ്ധ പ്രവർത്തനം കൂടുതൽ ഊർജ്ജസ്വലമാക്കാനും യോഗം തീരുമാനിച്ചു. ലഹരിയിൽ നിന്ന് മോചനം നേടുന്നതിനായുള്ള ഡീ അഡിക്ഷൻ സെന്ററുകൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടെന്ന് യോഗം വിലയിരുത്തി. അലോപ്പതിക്കൊപ്പം ആയുർവേദ ഹോമിയോ മേഖലകളും നൂതന ചികിത്സാ രീതികൾ മുന്നോട്ടുവെച്ചിട്ടുണ്ട്. ഇതെല്ലാം പരിഗണിച്ചുകൊണ്ട് സംയോജിത ചികിത്സാ രീതി ഡീ അഡിക്ഷൻ കേന്ദ്രങ്ങളിൽ നടപ്പാക്കാനും എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനിച്ചു. പൊതുഭരണം നികുതിവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കെ ആർ ജ്യോതിലാൽ ഐ എ എസ്, എക്സൈസ് കമ്മീഷണർ എസ് ആനന്ദകൃഷ്ണൻ ഐപിഎസ്, വിവിധ വകുപ്പുകളിലെ ഉയർന്ന ഉദ്യോഗസ്ഥർ തുടങ്ങിയവരും യോഗത്തിൽ പങ്കെടുത്തു

# സിവിൽ സർവീസ് ഉദ്യോഗസ്ഥരുടെ തസ്തിക കേന്ദ്രം വെട്ടിക്കുറച്ചു

ന്യൂഡൽഹി: രാജ്യത്ത് സിവിൽ സർവീസ് ഉദ്യോഗസ്ഥരുടെ ക്ഷാമം രൂക്ഷമായിരിക്കെ വീണ്ടും തസ്തിക വെട്ടിക്കുറച്ച് കേന്ദ്രസർക്കാർ. മോഡി സർക്കാർ അധികാരത്തിലേറിയ 2014ൽ 1291 പേരാണ് നിയമനം നേടിയത്. 2017ൽ 980ആയും 2021ൽ ഇത് 712 ആയും കുറഞ്ഞു. എട്ടുവർഷത്തിനിടെ അമ്പത് ശതമാനത്തോളം തസ്തിക വെട്ടിക്കുറച്ചു. പരീക്ഷവഴി നിയമിക്കുന്ന ഐഎഎസ്, ഐപിഎസ് ഉദ്യോഗസ്ഥരുടെ എണ്ണം യഥാക്രമം 180, 200 എന്നിങ്ങനെ ഉയർത്തിയെന്ന് കേന്ദ്രം അവകാശപ്പെടുന്നുണ്ടെങ്കിലും ആൾക്ഷാമം 2025വരെയെങ്കിലും തുടർന്നേക്കും.

മസൂറി അക്കാദമിയിൽ ഒരു ബാച്ചിൽ പരമാവധി 180 പേർക്കേ പരിശീലനം നൽകാനാകൂവെന്നാണ് കൂടുതൽ ഐഎഎസുകാരെ എടുക്കാത്തതിനുള്ള വിചിത്രന്യായം. പേഴ്സണൽ ആന്റ് ട്രെയ്നിങ് ഡിപ്പാർട്ട്മെന്റ് (ഡിഒപിടി)യിൽ ഐഎഎസ് ഉദ്യോഗസ്ഥരുടെ എണ്ണം വർധിപ്പിക്കണമെന്നാവശ്യപ്പെട്ട് പാർലമെന്റ് സമിതി ശുപാർശ സമർപ്പിക്കുകയും ചെയ്തിരുന്നു. 2013 മുതൽ 180 പേരെ മാത്രമാണ് ഐഎഎസിലേക്ക് നിയമിക്കുന്നത്. 2013 മുതൽ 2019 വരെ 150 പേരെയും അതിന് ശേഷം 200 പേരെയുമാണ് ഐപിഎസിലേക്ക് നിയമിക്കുന്നത്. ഈ വർഷം 749 ഒഴിവുകളാണ് ആകെ റിപ്പോർട്ട് ചെയ്തത്. എന്നാൽ 685 പേരുടെ യോഗ്യതാപട്ടികയാണ് യുപിഎസ്സി കഴിഞ്ഞ ദിവസം പുറത്തുവിട്ടത്. രാജ്യത്ത് 1515 ഐഎഎസുകാരുടെ കുറവുണ്ടെന്ന് കേന്ദ്രമന്ത്രി ജിതേന്ദ്രസിങ് പാർലമെന്റിൽ സമ്മതിച്ചിരുന്നു. 908 ഐപിഎസ്, 560 ഐഎഫ്എസ് തസ്തികയിലും ആളില്ല. ജമ്മു കശ്മീരിൽ ആകെ 137 തസ്തികയുണ്ടെങ്കിലും 59 ഐഎഎസുകാർ മാത്രമാണുള്ളത്.

സംസ്ഥാന സർവീസിൽ നിന്നുള്ളവർക്ക് കൂടുതൽ ഐഎഎസ് നൽകി പ്രശ്നം പരിഹരിക്കാൻ ശ്രമിച്ചെങ്കിലും പരാജയപ്പെടുകയായിരുന്നു. അതേസമയം, കേന്ദ്ര ഡെപ്യൂട്ടേഷന് സംസ്ഥാനങ്ങൾ മതിയായ ഉദ്യോഗസ്ഥരെ നൽകുന്നില്ലെന്നും കേന്ദ്രം പറയുന്നുണ്ട്. യുപിഎസ്സിയുടെ ഇതര നിയമന പരീക്ഷകൾ വഴി റിക്രൂട്ട് ചെയ്യുന്നവരുടെ എണ്ണവും വെട്ടിക്കുറച്ചിരിക്കുകയാണ്.

# ഗുണനിലവാരമില്ലാത്ത മരുന്നുകൾ നിരോധിച്ചു

സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ മരുന്ന് പരിശോധനാ ലബോറട്ടറികളിൽ നടത്തിയ ഗുണനിലവാര പരിശോധനയിൽ മെയ് രണ്ടാം പാദത്തിൽ ഗുണനിലവാരമില്ലാത്തതായി കണ്ടെത്തിയ താഴെ പറയുന്ന മരുന്നു ബാച്ചുകളുടെ വിതരണവും വിൽപ്പനയും സംസ്ഥാനത്ത് നിരോധിച്ചു.

ഈ മരുന്നുകളുടെ സ്റ്റോക്ക് കൈവശമുള്ള വ്യാപാരികളും ആശുപത്രികളും അവ തിരികെ വിതരണക്കാരന് നൽകി വിശദാംശങ്ങൾ ബന്ധപ്പെട്ട ജില്ലാ ഡ്രഗ്സ് കൺട്രോൾ അധികാരികളെ അറിയിക്കണമെന്ന് സംസ്ഥാന ഡ്രഗ്സ് കൺട്രോളർ അറിയിച്ചു. മരുന്നിന്റെ പേര്, ഉല്പാദകർ, ബാച്ച് നമ്പർ, കാലാവധി എന്ന ക്രമത്തിൽ.

Amtiritpyline Tablets IP 25 mg, M/s. Kerala State Drugs and pharmaceuticals Ltd., MSP No.VII/623, Kalavoor P.O, Alappuzha-688 522, K5 1009, 04/2024.

Amtiritpyline Tablets IP 25 mg, M/s. Kerala State Drugs and pharmaceuticals Ltd., MSP No.VII/623, Kalavoor P.O, Alappuzha-688 522,K5 1008, 12/2023.

Calcium and Vitamin D3 Tablets IP (Shircal), M/s. East African (India) overseas, I. Pharmactiy, Selaqui, Dehradun-248 011 (U.K), CDT-082104, 07/2023.

Aspirin Gatsro-resistant Tablets IP 75 mg, M/s. Kerala State Drugs and pharmaceuticals Ltd., MSP No.VII/623, Kalavoor P.O, Alappuzha-688 522, ET 1019, 05/2023.

Clopidogrel Bisulphate and Aspirin Tablets CLOPIREL-AP, Surien Pharmaceuticals (P) LTD, Kovur- Chennai-600 128, CAP-002, 02/2023.

Cilnidipine Tablets IP 10mg, M/s. Ravian Life Science Pvt. Ltd, Plot No.34, Sector-8A, IIE, SIDCUL, Haridwar- 249 403, Uttarakhand, CDNT22001, 02/2024.

Aceclofenac Tablets IP 100 mg. (Zadnac), M/s. Middle Mist Pharmaceuticals Pvt. Ltd, #1/230, Leelavathy Nagar, Chikkarayapuram,Chennai-69, MMPT2014, 09/2023.

Telmisartan Tablets IP, TAMPS-40, M/s. Tychos Therapeuticals Pvt. Ltd, D.P.No.136, SIDCOInd Estate, Thirumudivakkam, Chennai 600 132, TCT20607, 02/2023.

Clopidogrel Bisulphate Tablets IP 75mg, Medipol Pharmaceutical India Pvt. Ltd 1199/3, Bhud, Baddi. Distt. Solan, H.P, India, TCPB-038, 09/2023.

Clonazepam Tablets IP 0.5mg, M/s. Ravian Life Science Pvt. Ltd, Plot No.34, Sector-8A, IIE, SIDCUL, Haridwar- 249 403, Uttarakhand, CZNT 22001, 12/2023.

Iron and Folic Acid Tablets IP (Small) (Iron 20mg and Folic Acid 100mcg), M/s. Nestor Pharmaceuticals Limited. 11 Western Extension Area, Faridabad - 121 001, India, FJTY-03, 03/2023.

Metoprolol Succinate Extended Release Tablets IP 25mg (Rolbak- XL 25), M/s. MDC Pharmaceuticals Ltd, Unit II, Sai Road, Baddi-173 205, MTT-3807A, 11/2023.

Oseltamivir Capsules IP 75 mg, M/s. Unicure India Ltd, Plot No. 46(B), / 49B Vill. Raipur, Bhagwanpur, Roorkee, Dist. Haridwar, Uttarakhand, OS1CA007, 08/2023.

Bimatoprost Ophthalmic Solution 0.03% w/v Sterile Ophthalmic Solution, M/s. Protech Telelinks, Mauza Ogli, Suketi Road, Kala Amb, Sirmour-173 030, OP442102A, 09/2023.

Cilnidipine Tablets IP 20mg Clindinol 20, M/s. VIP Pharmaceuticals Pvt. Ltd, Village Manpura, Tehsil Nalagarh Dist.Solan-174 101, (HP), India, CLDB21003, 09/2023.

Novadex Tablets (Dexamethasone Tablets IP 0.5mg), Curis Life Sciences PvtLtd, PF-23, Sanand GIDC II, Ahmedabad, Sanand -382 110, T210198, 09/2024.

# കാർഷിക അടിസ്ഥാന സൗകര്യ നിധിയിൽ നിന്നും കൂടുതൽ തുക ലഭ്യമാക്കും: കൃഷിമന്ത്രി

തിരുവനന്തപുരം: കേന്ദ്ര സർക്കാർ ആവിഷ്കരിച്ച് സംസ്ഥാന സർക്കാരുകളുടെ പങ്കാളിത്തത്തോടെ നടപ്പിലാക്കുന്ന കാർഷിക അടിസ്ഥാന സൗകര്യ നിധി (അഗ്രികൾച്ചറൽ ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ട്) ൽ നിന്നും കൂടുതൽ തുക കേരളത്തിന് ലഭ്യമാക്കുന്ന വിധം തുടർ നടപടികൾ സ്വീകരിക്കുമെന്ന് കൃഷിമന്ത്രി പി പ്രസാദ്. കോവിഡിന് ശേഷം ഇന്ത്യയിലെ കാർഷികമേഖലയെ പുഷ്ടിപ്പെടുത്തുവാൻ ആരംഭിച്ച ഈ പദ്ധതിയിൽ നിന്ന് കൂടുതൽ തുക ലഭ്യമാക്കുവാൻ പല കാരണങ്ങളാൽ കേരളത്തിന് സാധിച്ചിട്ടില്ല. പദ്ധതി പ്രകാരം കേരളത്തിന് ലഭ്യമാകുവാൻ സാധ്യതയുള്ള 2520 കോടി രൂപയും പദ്ധതി കാലയളവിൽ തന്നെ ലഭ്യമാക്കുവാൻ ആവശ്യമായ നടപടികൾ കൈക്കൊണ്ടു കഴിഞ്ഞെന്നും മന്ത്രി അറിയിച്ചു.

കൃഷി ഡയറക്ടറേറ്റ് കേന്ദ്രീകരിച്ച് ഒരു പ്രോജക്ട് മോണിറ്ററിങ് യൂണിറ്റ് ആരംഭിച്ചു. ജില്ലാതലത്തിൽ പതിനാല് ജില്ലകളിലെ പ്രവർത്തനം ഏകോപിപ്പിക്കാൻ ആറ് സോണൽ കോഡിനേറ്റർമാരെയും നിയമിച്ചു. ജില്ലാ കൃഷി ഓഫീസർമാരുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച 83 വർക് ഷോപ്പുകളിൽ കൂടി ഉരുത്തിരിഞ്ഞുവന്ന 30 പ്രൊജക്ട് റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ 47.16 കോടി രൂപ വായ്പ വിതരണം ചെയ്തു. സെപ്റ്റംബർ 30 ന് മുൻപ് ആയിരം കോടി രൂപ വായ്പ ലഭ്യമാക്കുവാനാണ് കൃഷി വകുപ്പ് ലക്ഷ്യമിടുന്നത് . ജില്ലാ കൃഷി ഓഫീസർമാർക്ക് ഇതിനായി ലക്ഷ്യം കൈവരിക്കേണ്ട തുക നിർണയിച്ച് നൽകി കഴിഞ്ഞു. പ്രോജക്ട് മോണിറ്ററിങ് സെൽ ജില്ലാ അടിസ്ഥാനത്തിൽ കൂടുതൽ ശില്പശാലകൾ ഇക്കാര്യത്തിൽ നൽകും. ബാങ്ക് പ്രതിനിധികളുമായി ചർച്ച ചെയ്ത് സംസ്ഥാന അടിസ്ഥാനത്തിലും ജില്ലാടിസ്ഥാനത്തിലും സഹകരണം ഉറപ്പാക്കിയിട്ടുണ്ട്. തുക ലഭ്യമാക്കാൻ ഇതര വകുപ്പുകളുമായി സഹകരിച്ചുള്ള പദ്ധതികൾ സമർപ്പിക്കുമെന്ന് മന്ത്രി പറഞ്ഞു. കേരള സർക്കാരിന്റെ അഭ്യർത്ഥനയെ തുടർന്ന് കൂൺകൃഷി, ലംബ കൃഷി, ഹൈഡ്രോപോണിക്സ്, എയറോപോണിക്സ്, പോളിഹൗസ്, ഗ്രീൻഹൗസ് തുടങ്ങിയ പദ്ധതികൾ കൂടി ഏറ്റെടുക്കുവാൻ മെയ് മാസം കേന്ദ്രാനുമതി ലഭ്യമായിട്ടുള്ളതിനാൽ ഈ മേഖലയിൽ കൂടുതൽ പദ്ധതികൾ ഏറ്റെടുക്കും. ബാങ്കുകൾ ഒൻപത് ശതമാനം വരെ പലിശ നിരക്കാണ് ഈ വായ്പയ്ക്ക് ഈടാക്കുന്നതെങ്കിലും മൂന്ന് ശതമാനം സർക്കാർ ഇളവ് ഈ വായ്പയിൻമേൽ ലഭ്യമാകും. കൂടുതൽ ഇളവ് ബാങ്ക് ഈടാക്കുന്ന പലിശയിൽ ഉണ്ടാകണമെന്ന് എല്ലാ ബാങ്കുകളോടും അഭ്യർത്ഥിച്ചിട്ടുണ്ട്. കാർഷിക മേഖലയിലെ പൊതുമേഖലാസ്ഥാപനങ്ങൾ ഈ ഫണ്ട് പരമാവധി ലഭ്യമാക്കാനുള്ള നിർദേശം നൽകി കഴിഞ്ഞു. കേരള സ്റ്റേറ്റ് വെയർ ഹൗസിങ് കോർപറേഷൻ ഇക്കാര്യത്തിലുള്ള തുടർ നടപടികൾ ആരംഭിച്ചു. ഫാർമേഴ്സ് പ്രൊഡ്യൂസർ ഓർഗനൈസേഷൻ (എഫ്!പിഒ) കൾക്ക് ഈ പദ്ധതി വഴി കൂടുതൽ തുക ലഭ്യമാക്കാനുള്ള സാധ്യതയും സർക്കാർ തലത്തിൽ പരിശോധിച്ചു വരികയാണ്. പദ്ധതി പുരോഗതി എല്ലാ ആഴ്ചയിലും വിലയിരുത്തും. കൂടാതെ സംസ്ഥാനതല ജില്ലാതല നോഡൽ ഓഫീസർമാരെയും പദ്ധതി ഏകോപിപ്പിക്കാൻ ആയി നിയമിച്ചു കഴിഞ്ഞു.

# അസ്വാഭാവികമരണങ്ങളിൽ രാത്രികാല ഇൻക്വസ്റ്റ്

തിരുവനന്തപുരം: അസ്വാഭാവികമരണങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടാൽ രാത്രികാലങ്ങളിലും ഇൻക്വസ്റ്റ് നടത്തുന്നതിനെ കുറിച്ചുള്ള മാർഗനിർദേശങ്ങൾ സംസ്ഥാന പൊലീസ് മേധാവി അനിൽകാന്ത് പുറപ്പെടുവിച്ചു.

തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട് മെഡിക്കൽ കോളജുകളിലും കാസർകോട് ജനറൽ ആശുപത്രിയിലും രാത്രികാലത്ത് പോസ്റ്റ്മോർട്ടം നടത്താൻ അനുമതി നൽകിക്കൊണ്ട് സർക്കാർ നേരത്തേ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഇതിനെ ചോദ്യം ചെയ്ത് സമർപ്പിച്ച ഹർജി ഹൈക്കോടതി തള്ളുകയും ഇക്കാര്യത്തിൽ തീരുമാനമെടുക്കാൻ ചീഫ് സെക്രട്ടറിയോട് ആവശ്യപ്പെടുകയും ചെയ്തിരുന്നു. ഇതിനെത്തുടർന്ന് ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ കൂടിയ യോഗത്തിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് സംസ്ഥാന പൊലീസ് മേധാവിയുടെ ഉത്തരവ്. രാത്രികാലത്ത് ഫലപ്രദമായി ഇൻക്വസ്റ്റ് നടത്താൻ സ്റ്റേഷൻ ഹൗസ് ഓഫീസർമാർ നടപടി സ്വീകരിക്കും. അസ്വാഭാവികമരണങ്ങളിൽ നാല് മണിക്കൂറിനകം തന്നെ ഇൻക്വസ്റ്റ് പൂർത്തിയാക്കി മൃതശരീരം പോസ്റ്റ്മോർട്ടത്തിനായി നീക്കം ചെയ്യണം. എന്നാൽ പ്രത്യേകസാഹചര്യങ്ങളിൽ ഏറെ സമയമെടുത്ത് ഇൻക്വസ്റ്റ് ആവശ്യമായി വരുന്നപക്ഷം അക്കാര്യം കൃത്യമായി രേഖപ്പെടുത്തണം.

ഇൻക്വസ്റ്റ് നടത്തുന്നതിലും മൃതശരീരം പോസ്റ്റ്മോർട്ടത്തിന് അയയ്ക്കുന്നതിലും ഒരുകാരണവശാലും കാലതാമസമോ തടസമോ ഉണ്ടാകാൻ പാടില്ല. ഇൻക്വസ്റ്റ് നടത്തുന്നതിന് ആവശ്യമായ വെളിച്ചം, മൃതശരീരം ആശുപത്രിയിൽ എത്തിക്കുന്നതിനുള്ള സംവിധാനം, മറ്റ് ചെലവുകൾ എന്നിവയ്ക്കായി ജില്ലാ പൊലീസ് മേധാവിമാർ നടപടി സ്വീകരിക്കും. ഇക്കാര്യം കൃത്യമായി നടപ്പിലാക്കുന്നത് ജില്ലാ പൊലീസ് മേധാവിമാർ നിരീക്ഷിക്കണമെന്നും നിർദേശിച്ചിട്ടുണ്ട്.

# റസിഡന്റ്സ് അസോസിയേഷനുകൾ സമൂഹത്തിന്റെ ചാലകശക്തി: മന്ത്രി ജി ആർ അനിൽ

തിരുവനന്തപുരം: റസിഡന്റ്സ് അസോസിയേഷനുകൾ സമൂഹത്തിന്റെ ചാലകശക്തി ആകണമെന്നും അവ ജനനന്മയ്ക്ക് ഉതകുന്ന ഊർജ്ജസ്രോതസുകൾ ആയി പ്രവർത്തിക്കണമെന്നും ഭക്ഷ്യമന്ത്രി ജി ആർ അനിൽ അഭിപ്രായപ്പെട്ടു. ഫ്രാക്ക്(ഫോറം ഓഫ് റസിഡന്റ്സ് അസോസിയേഷൻ കിളിമാനൂർ) വാർഷികാഘോഷം ഉദ്ഘാടനം ചെയ്തുകൊണ്ട് സംസാരിക്കുകയായിരുന്നു മന്ത്രി. ഭക്ഷ്യ സുരക്ഷയുമായി ബന്ധപ്പെട്ട് കുടുംബശ്രീ പ്രവർത്തകർ മുന്നോട്ട് വന്നാൽ അവർക്ക് തട്ടുകട നടത്താനുള്ള സബ്സിഡി കൊടുക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടെന്ന് മന്ത്രി തദവസരത്തിൽ പ്രഖ്യാപിച്ചു. കിളിമാനൂർ രാജാരവിവർമ്മ കമ്മ്യൂണിറ്റി ഹാളിൽ വച്ച് നടന്ന ചടങ്ങിൽഫ്രാക്ക് പ്രസിഡന്റ് മോഹൻ വാലഞ്ചേരി അധ്യക്ഷത വഹിച്ചു.

കിളിമാനൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ബി പി മുരളി വിദ്യാർത്ഥികൾക്ക് പഠന സഹായം വിതരണം ചെയ്തു. സംസ്ഥാന അധ്യാപക അവാർഡ് ലഭിച്ച മോഹൻ നായർ കെ, മികച്ച ഐടിഐ ഇൻസ്ട്രക്ടർക്കുള്ള അവാർഡ് നേടിയ എൻ ഹരികൃഷ്ണൻ, ഫയർ ആന്റ് റസ്ക്യു വിഭാഗത്തിൽ രാഷ്ട്രപതിയുടെ വിശിഷ്ട സേവാ മെഡൽ നേടിയ ടി വിനോദ് കുമാർ, വടക്കൻ പറവൂർ കെടാമംഗലം സദാനന്ദൻ സ്മാരകകലാ സാംസ്കാരിക വേദിയുടെ പ്രഥമ കഥാപ്രസംഗ കലാ സാർത്ഥക അവാർഡ് നേടിയ മുത്താന സുധാകരൻ, സ്തുത്യർഹ സേവനത്തിന് റിട്ട. സൂപ്രണ്ടിങ് എൻജിനീയർ ജി ചന്ദ്രബാബു എന്നിവരെ മന്ത്രി ആദരിച്ചു.

പഴയകുന്നുമ്മേൽ പഞ്ചായത്ത് പ്രസിഡന്റ് കെ രാജേന്ദ്രൻ പ്രൊഫഷണൽ വിദ്യാഭ്യാസ മെറിറ്റ് അവാർഡ് വിതരണം ചെയ്തു. എസ്എസ്എൽസി, ഹയർസെക്കൻഡറി മെരിറ്റ് അവാർഡ് വിതരണം ജില്ലാ പഞ്ചായത്ത് മെമ്പർ ജി ജി ഗിരികൃഷ്ണൻ നിർവഹിച്ചു.

അംഗ സംഘടനകളിൽ നിന്നും കലാപരിപാടികൾ അവതരിപ്പിച്ച കുടുംബാംഗങ്ങൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു. പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് ഷീബ എസ് വി ആശംസകൾ അറിയിച്ചു. ഫ്രാക്ക് ജനറൽ സെക്രട്ടറി ടി ചന്ദ്രബാബു സ്വാഗതവും ഖജാൻജി ജി ചന്ദ്രബാബു കൃതജ്ഞതയും പറഞ്ഞു.

# കെൽട്രോണിൽ തൊഴിൽ നൈപുണ്യ വികസന കോഴ്സുകൾ

കേരള സർക്കാർ സ്ഥാപനമായ കെൽട്രോണിന്റെ വഴുതക്കാടുള്ള നോളജ് സെന്ററിൽ തൊഴിലധിഷ്ഠിത കോഴ്സുകളിൽ അപേക്ഷ ക്ഷണിച്ചു.

അഡ്വാൻസ്ഡ് ഡിപ്ലോമ ഇൻ ഡിജിറ്റൽ മീഡിയ ഡിസൈനിംഗ് ആൻഡ് ആനിമേഷൻ ഫിലിംമേക്കിംഗ് ( 12 മാസം), ലോജിസ്റ്റിക്സ് ആൻഡ് സപ്ലൈചെയ്ൻ മാനേജ്മെന്റ് (12 മാസം), ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ഹാർഡ്‌വെയർ വിത്ത് ഇ ഗാഡ്ജറ്റ് ടെക്നോളജീസ് (12 മാസം) എന്നിവയാണ് കോഴ്സുകൾ. അടിസ്ഥാന യോഗ്യത: പ്ലസ്ടു, ഡിപ്ലോമ, ഡിഗ്രി. അപേക്ഷാഫോം സഴെ.സല ഹേ്യീ.ശി ൽ ലഭിക്കും. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി ജൂൺ 12. വിശദവിവരങ്ങൾക്ക്: 9037553242, 0471 2325154 എന്നീ നമ്പറിലോ കെൽട്രോൺ നോളജ് സെന്റർ, രണ്ടാം നില, ചെമ്പിക്കലം ബിൽഡിംഗ്, ബേക്കറി-വിമൻസ് കോളജ് റോഡ്, വഴുതക്കാട് പി.ഒ., തിരുവനന്തപുരം എന്ന വിലാസത്തിലോ ബന്ധപ്പെടണം.

# എന്റെ കേരളം മെഗാ പ്രദർശന വിപണന മേള, ജില്ലാതല ആഘോഷങ്ങൾ സമാപിച്ചു

രണ്ടാം പിണറായി വിജയൻ സർക്കാരിന്റെ ഒന്നാം വാർഷികത്തോടനുബന്ധിച്ച് നടന്ന എന്റെ കേരളം മെഗാ മേള സമാപിച്ചു. കഴിഞ്ഞ എഴുദിവസങ്ങളായി കനകക്കുന്നിൽ സംഘടിപ്പിച്ച പ്രദർശന വിപണന മേള സേവന മികവുകൊണ്ടും ജന പങ്കാളിത്തം കൊണ്ടും ഏറെ ശ്രദ്ധേയമായി.

സർക്കാരിന്റെ വിവിധ വകുപ്പുകളുടെ ഇരുപതോളം സേവന സ്റ്റാളുകളുകളിൽ നിന്നും നാലായിരത്തിൽ അധികം പേർക്കാണ് സേവനങ്ങൾ നൽകിയത്. നൂറ്റിനാല് പ്രദർശന സ്റ്റാളുകളും മേളയിൽ സജ്ജീകരിച്ചു. സർക്കാർ വകുപ്പുകളുടെയും ചെറുകിട സംരംഭകരുടെയും ഉത്പന്നങ്ങൾ വിപണി വിലയെക്കാൾ മിതമായ നിരക്കിൽ പൊതു ജനങ്ങൾക്ക് കുറഞ്ഞ നിരക്കിൽ വില്പന നടത്തിയ വിപണന സ്റ്റാളുകളും മേളയുടെ പ്രധാന ആകർഷണങ്ങളിൽ ഒന്നായിരുന്നു. മേള സന്ദർശിക്കുന്നവർക്ക് തിരുവനന്തപുരത്തിന്റെ തനതായ രുചികളും മറ്റ് ജില്ലകളിലെ വ്യത്യസ്തമായ രുചികളും ഗോത്ര രുചികളും ആസ്വദിക്കാനാവുന്ന വിധത്തിൽ വിപുലമായ ഭക്ഷ്യമേളയാണ് ഒരുക്കിയത്. അനന്തപുരിക്ക് ഉത്സവമേളം സമ്മാനിച്ച് നടന്ന കലാപരിപാടികളും മേളയുടെ മാറ്റ് കൂട്ടുന്നവയായിരുന്നു.

സ്ത്രീകൾക്ക് തത്സമയം പരാതി നൽകുന്നതിനുള്ള സൗകര്യം ഒരുക്കിയ എന്റെ കേരളം മെഗാ പ്രാദർശന മേളയിലെ വനിതാ കമ്മിഷൻ സ്റ്റാളിൽ അവസാന ദിനവും വലിയ തിരക്ക്. വ്യാഴാഴ്ച വനിതാ കമ്മീഷൻ ചെയർ പേഴ്സൺ പി. സതീദേവി സ്റ്റാളിലെത്തി പ്രവർത്തനങ്ങൾ നേരിൽ കണ്ടു. ജയിൽ വകുപ്പ് ഒരുക്കിയ മാതൃകാ ജയിലും വനിതാ ശിശു വികസന സ്റ്റാളുകളും സതീദേവി സന്ദർശിച്ചു. മാതൃകാ അംഗണവാടിയിലെത്തിയ കുട്ടികൾക്കൊപ്പം ഏറെ നേരം ചെലവഴിച്ചാണ് അവർ മടങ്ങിയത്.

എന്റെ കേരളം മെഗാ പ്രദർശന മേളയിൽ പങ്കാളികളായ വിവിധ വകുപ്പുകൾക്കുള്ള പുരസ്ക്കാരങ്ങളും മേളയുടെ വാർത്താ റിപ്പോർട്ടിന് മാധ്യമങ്ങൾക്ക് ഏർപ്പെടുത്തിയിരുന്ന പുരസ്കാരങ്ങളും വിതരണം ചെയ്തു. നിശാഗന്ധി ഓഡിറ്റോറിയത്തിൽ നടന്ന സമാപന സമ്മേളനത്തിൽ മന്ത്രിമാരായ വി.ശിവൻകുട്ടി, ജി.ആർ അനിൽ എന്നിവർ വിജയികൾക്കുള്ള പുരസ്കാര വിതരണം നിർവ്വഹിച്ചു.

മികച്ച എക്സിബിഷൻ സ്റ്റാളുകളിൽ ഒന്നാം സ്ഥാനം അഗ്നിരക്ഷാസേനയും രണ്ടാം സ്ഥാനം കേരള പോലീസും കരസ്ഥമാക്കി. മികച്ച വിപണന സ്റ്റാളിനുള്ള ഒന്നും രണ്ടും സ്ഥാനങ്ങൾ ഹോർട്ടികോർപ്പ്, കേരള വനം വന്യജീവി വകുപ്പ് നേടി. മികച്ച സേവന സ്റ്റാളിനുള്ള ഒന്നാം സ്ഥാനം ആരോഗ്യ വകുപ്പും രണ്ടാം സ്ഥാനം അക്ഷയ സെന്ററും സ്വന്തമാക്കി. ജയിലിന്റെ ഉൾക്കാഴ്ചകൾ കൊണ്ട് കാണികൾക്ക് പുതിയ അനുഭവമായി മാറിയ കേരള ജയിൽ വകുപ്പ് ജനപ്രിയ സ്റ്റാളിനുള്ള പുരസ്കാരം കരസ്ഥമാക്കി. മേളയുടെ വാർത്താ കവറേജിന് മാധ്യമ പ്രവർത്തകർക്കായി ഏർപ്പെടുത്തിയ മാധ്യമ പുരസ്കാരത്തിൽ അച്ചടി മാധ്യമത്തിലെ മികച്ച റിപ്പോർട്ടർക്കുള്ള പുരസ്കാരം ദേശാഭിമാനിയിലെ അജില പുഴക്കലിനും മികച്ച ഫോട്ടോഗ്രാഫർക്കുള്ള പുരസ്കാരം ടൈംസ് ഓഫ് ഇന്ത്യയിലെ കെ. ദീപ പ്രസാദിനും ലഭിച്ചു. ദൃശ്യമാധ്യമ വിഭാഗത്തിൽ മികച്ച റിപ്പോർട്ടറായി 24 ന്യൂസിലെ ആദിൽ പാലോടും മികച്ച ക്യാമറാമാനായി മീഡിയ വണ്ണിലെ ഷൈജു ചാവശേരിയും തിരഞ്ഞെടുക്കപ്പെട്ടു. മീഡിയ വൺ റിപ്പോർട്ടർ ഷിജോ കുര്യൻ, 24 ന്യൂസ് ക്യാമറാമാൻ ജിനു എസ് രാജ് എന്നിവർ പ്രത്യേക ജൂറി പരാമർശം നേടി. ഓൺലൈൻ മീഡിയ വിഭാഗത്തിൽ സമഗ്ര കവറേജിന് ആറ്റിങ്ങൾ വാർത്തയ്ക്കും റേഡിയോ വിഭാഗത്തിൽ ക്ലബ്ബ് എഫ്.എം. 94.3യും പുരസ്കാരം കരസ്ഥമാക്കി.

എന്റെ കേരളം മെഗാ മേളയുടെ സമാപന ദിവസം നിശാഗന്ധി ഓഡിറ്റോറിയത്തിൽ സംഗീത സംവിധായകൻ ഗോപി സുന്ദറും സംഘവും അവതരിപ്പിച്ച മാജിക്കൽ മ്യൂസിക് നൈറ്റ് അക്ഷരാർത്ഥത്തിൽ 'മാന്ത്രിക സംഗീതരാവായി' മാറി. എന്റെ കേരളം മെഗാ മേളയുടെ സമാപന സമ്മേളനം കഴിഞ്ഞതിന് പിന്നാലെ വേദിയിലേക്കെത്തിയ ഗോപി സുന്ദറിനെയും സംഘത്തെയും വരവേറ്റത് നിറഞ്ഞ സദസിന്റെ നിലക്കാത്ത കരഘോഷമായിരുന്നു. മലയാളം, തമിഴ്, തെലുങ്ക്, ഹിന്ദി സിനിമാ ഗാനങ്ങൾ ഉൾക്കൊള്ളിച്ച സംഗീത പരിപാടിയിൽ അമൃതാ സുരേഷ്, ജാസിം ജമാൽ, കീർത്തന, അവനി തുടങ്ങിയവരും പങ്കെടുത്തു.

# മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ ഉന്നത നിലവാരത്തിലേക്ക് ഉയരണം: മന്ത്രി കെ രാധാകൃഷ്ണൻ

തൃശൂർ: സംസ്ഥാനത്തെ മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ ഉന്നത നിലവാരത്തിലേക്ക് ഉയരണമെന്ന് മന്ത്രി കെ രാധാകൃഷ്ണൻ. കൂടുതൽ മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകുന്ന സ്കൂളുകളായി മാറാൻ എംആർഎസുകൾക്ക് കഴിയണമെന്നും മന്ത്രി ചൂണ്ടിക്കാട്ടി. പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള മോഡൽ റസിഡൻഷ്യൻ സ്കൂളുകളിലെ പ്രവേശനോത്സവത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം ചേലക്കര മോഡൽ റസിഡൻഷ്യൽ സ്കൂളിൽ നിർവഹിക്കുകയായിരുന്നു അദ്ദേഹം. പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള മോഡൽ റസിഡൻഷ്യൻ സ്കൂളുകളിൽ ഉത്സവാന്തരീക്ഷത്തിലാണ് പ്രവേശനോത്സവങ്ങൾ സംഘടിപ്പിച്ചത്. പീരുമേട് എംആർഎസിൽ പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ എം ജി രാജമാണിക്യം, വെള്ളച്ചാലിൽ കാസർകോട് സബ് കളക്ടർ മേഘശ്രീ, ആലുവയിൽ എറണാകുളം റൂറൽ എസ്!പി കെ കാർത്തിക് തുടങ്ങിയവർ പങ്കെടുത്തു.

തിരുവില്വാമല ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ പത്മ അധ്യക്ഷത വഹിച്ച ചടങ്ങിൽ ജില്ലാ പട്ടികജാതി വികസന ഓഫീസർ ലിസ ജെ മങ്ങാട്ട്, ജില്ലാ പഞ്ചായത്ത് അംഗം ദീപ എസ് നായർ, പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത് അംഗം എൻ ആശാദേവി, സ്കൂൾ ഹെഡ്മാസ്റ്റർ ടി ജി സജി, മറ്റ് ത്രിതല പഞ്ചായത്ത് ജനപ്രതിനിധികൾ, വകുപ്പുതല ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

# കേന്ദ്രം ഉറപ്പുകൾ പാലിക്കണം; കർഷകത്തൊഴിലാളികൾ ദേശവ്യാപക പ്രക്ഷോഭത്തിലേക്ക്

തിരുവനന്തപുരം : കർഷകരുടെ മഹാപ്രക്ഷോഭത്തിൽ നൽകിയ ഉറപ്പുകൾ പൂർണമായി നടപ്പാക്കണമെന്ന് ആവശ്യപ്പെട്ട് ദേശവ്യാപക പ്രക്ഷോഭത്തിന് അഖിലേന്ത്യ കർഷകത്തൊഴിലാളി യൂണിയൻ നേതൃത്വം നൽകും. കർഷകത്തൊഴിലാളി അഖിലേന്ത്യ സംയുക്ത കൺവൻഷൻ അംഗീകരിച്ച അവകാശപത്രിക നടപ്പാക്കണമെന്ന് ആവശ്യപ്പെട്ട് ആഗസ്ത് ഒന്നിന് രാജ്യത്തെ അഞ്ഞൂറിലേറെ കേന്ദ്രങ്ങളിൽ പ്രതിഷേധ പരിപാടി സംഘടിപ്പിക്കാനും ജനറൽ കൗൺസിൽ യോഗം തീരുമാനിച്ചു.

ജൂലൈ 15 മുതൽ യൂണിറ്റ് തലംതൊട്ട് പ്രചാരണം നടത്തുമെന്നും അഖിലേന്ത്യ സെക്രട്ടറി ബി വെങ്കട്, ജോയിന്റ് സെക്രട്ടറി വിക്രം സിങ്, കെഎസ്കെടിയു സംസ്ഥാന സെക്രട്ടറി എൻ ചന്ദ്രൻ, വൈസ് പ്രസിഡന്റ് ആനാവൂർ നാഗപ്പൻ എന്നിവർ വാർത്താസമ്മേളനത്തിൽ പറഞ്ഞു.

കിസാൻസഭയും സിഐടിയുവും ചേർന്ന് സെപ്തംബർ അഞ്ചിന് ഡൽഹിയിൽ സംയുക്ത ദേശീയ കൺവൻഷൻ സംഘടിപ്പിക്കും. 2023ലെ പാർലമെന്റിന്റെ ബജറ്റ് സെഷൻ സമയത്ത് 'മസ്ദൂർ കിസാൻ സംഘർഷ് റാലി' സംഘടിപ്പിക്കും. ആഗസ്ത് ഒന്നുമുതൽ 14 വരെ സംയുക്ത ക്യാമ്പയിൻ സംഘടിപ്പിക്കും. 75 ാം സ്വാതന്ത്ര്യദിനത്തോട് അനുബന്ധിച്ച് ആഗസ്ത് 14ന് രാത്രി 'സാമൂഹിക് ജാഗരൺ' സംഘടിപ്പിക്കും. ആഗസ്ത് ഒമ്പതിന് ക്വിറ്റ് ഇന്ത്യ ദിനം സംയുക്തമായി ആചരിക്കും. ജില്ലാതലങ്ങളിൽ സംയുക്ത പ്രകടനവും നടത്തും.

അഖിലേന്ത്യ അഗ്രികൾച്ചറൽ വർക്കേഴ്സ് യൂണിയൻ അഖിലേന്ത്യ സമ്മേളനം 2023 ഫെബ്രുവരിയിൽ ബംഗാളിൽ ചേരും.

ഭക്ഷ്യധാന്യ വിപണി സർക്കാർ നിയന്ത്രിക്കണം കേന്ദ്ര സർക്കാർ ഭക്ഷ്യധാന്യങ്ങളുടെ വിപണി നിയന്ത്രിക്കണമെന്നും പൊതുവിതരണ സംവിധാനം ശക്തിപ്പെടുത്തണമെന്നും ജനറൽ കൗൺസിൽ ആവശ്യപ്പെട്ടു.

കേന്ദ്രത്തിന്റെ ദിശാബോധമില്ലാത്ത നയങ്ങൾ രാജ്യത്തെ പട്ടിണിയിലേക്ക് നയിക്കുകയാണ്. ഗോതമ്പ് ക്ഷാമം കേന്ദ്രത്തിന്റെ ശരിയായ മുഖം തുറന്നുകാട്ടുന്നു. സർക്കാർ ഏജൻസികളുടെ സംഭരണം കുത്തനെ കുറഞ്ഞു. കയറ്റുമതി നിരോധിച്ചെങ്കിലും മുൻ കരാറുകൾക്ക് ഇത് ബാധകമല്ല. ഭക്ഷ്യസുരക്ഷയിൽ ആശങ്ക ഉയർത്തുന്ന കാര്യങ്ങളാണ് ഇവ.

കേരളത്തിലെ എൽഡിഎഫ് സർക്കാർ കർഷകത്തൊഴിലാളികളുടെ ക്ഷേമത്തിന് കൈക്കൊണ്ട നടപടികൾക്ക് കൗൺസിലിൽ അഭിനന്ദനം. സർക്കാരിനെ അട്ടിമറിക്കാൻ കേന്ദ്രം നടത്തുന്ന ശ്രമങ്ങളെ അപലപിച്ചു. യുഡിഎഫ്, ബിജെപി, മതതീവ്രവാദ ശക്തികളുടെ കുപ്രചാരണത്തിനെതിരെ പ്രചാരണം സംഘടിപ്പിക്കാനും കൗൺസിൽ തീരുമാനിച്ചു.

ഭാരതീയ കിസാൻ യൂണിയൻ (ബികെയു) നേതാവ് രാകേഷ് ടികായത്തിനെ വാർത്താസമ്മേളനത്തിനിടെ കൈയേറ്റം ചെയ്തതിൽ കർഷകത്തൊഴിലാളി യൂണിയൻ ജനറൽ കൗൺസിൽ പ്രതിഷേധിച്ചു. കാര്യക്ഷമമായി അന്വേഷിച്ച് പ്രതികളെ നിയമത്തിനു മുന്നിൽ കൊണ്ടുവരണമെന്ന് കൗൺസിൽ പ്രമേയത്തിലൂടെ ആവശ്യപ്പെട്ടു.

## പൊതുതെളിവെടുപ്പ് 3ന്

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മിഷൻ (റിന്യൂവബിൾ എൻർജി & നെറ്റ് മീറ്ററിംഗ്) റഗുലേഷൻസ് 2020 പരിഷ്കരിക്കാൻ വേണ്ടിയുള്ള കെ.എസ്.ഇ.ബിയുടെ അപേക്ഷയിൽ പൊതുതെളിവെടുപ്പ് 3ന് രാവിലെ 11 മണിക്ക് വീഡിയോ കോൺഫറൻസ് മുഖേന വൈദ്യുതി റഗുലേറ്ററി കമ്മിഷൻ നടത്തും. പൊതുതെളിവെടുപ്പിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ ഇന്ന് (ജൂൺ 2) ഉച്ചയ്ക്ക് 12 മണിക്ക് മുൻപ് കത്തു മുഖേനയോ സല്യൈര@ല്യരസല്യമ ഹമ.ീൃഴ യിലോ പേരും വിശദവിവരങ്ങളും ഫോൺ നമ്പർ, ഇ-മെയിൽ സഹിതം കമ്മിഷൻ സെക്രട്ടറിയെ അറിയിക്കണം. സെക്രട്ടറി, കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മിഷൻ, കെ.പി.എഫ്.സി ഭവനം, സി.വി. രാമൻപിള്ള റോഡ്, വെള്ളയമ്പലം, തിരുവനന്തപുരം-695010 എന്ന വിലാസത്തിൽ 3ന് വൈകിട്ട് 5നകം കത്ത് ലഭിക്കണം.

## നാഷണൽ സർവീസ് സ്കീം പുരസ്കാര വിതരണം എട്ടിന്

2018-19, 2019-20, 2020-21 വർഷങ്ങളിലെ നാഷണൽ സർവീസ് സ്കീമിന്റെ മികച്ച പ്രവർത്തനങ്ങൾക്കുള്ള സർക്കാർ പുരസ്കാരങ്ങൾ ജൂൺ എട്ടിനു മുഖ്യമന്ത്രി വിതരണം ചെയ്യും. വൈകിട്ട് അഞ്ചിനു നിശാഗന്ധി ഓഡിറ്റോറിയത്തിലാണു ചടങ്ങ്. ഉന്നത വിദ്യാഭ്യാസ മന്ത്രി ഡോ. ആർ. ബിന്ദുവിന്റെ അധ്യക്ഷതയിൽ ചേരുന്ന യോഗത്തിൽ പൊതുവിദ്യാഭ്യാസ മന്ത്രി വി. ശിവൻകുട്ടി, ശശി തരൂർ എംപി, വി.കെ. പ്രശാന്ത് എംഎൽഎ, മേയർ ആര്യ രാജേന്ദ്രൻ, ഉന്നത വിദ്യാഭ്യാസ കൗൺസിൽ വൈസ് ചെയർമാൻ ഡോ. രാജൻ ഗുരുക്കൾ തുടങ്ങിയവർ പങ്കെടുക്കും.

# ഹജ്ജ്:ആദ്യവിമാനം ശനിയാഴ്ച കൊച്ചിയിൽ നിന്ന്

നെടുമ്പാശേരി: ഈ വർഷത്തെ ഹജ്ജ് കർമ്മത്തിന് സർക്കാർ മുഖേന പുറപ്പെടുന്ന തീർത്ഥാടകരുമായി ഇന്ത്യയിലെ ആദ്യത്തെ വിമാനം ശനിയാഴ്ച കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിന്നും 377 യാത്രക്കാരുമായി പുറപ്പെടും. സംസ്ഥാന ഹജ്ജ് കാര്യ വകുപ്പ് മന്ത്രി വി അബ്ദുറഹ്മാൻ വിമാനത്തിന്റെ ഫ്ലാഗ് ഓഫ് നിർവഹിക്കും. കേരളത്തിൽ നിന്നുള്ള 5758 (പുരുഷന്മാർ 2056,സ്ത്രീകൾ 3702) പേർക്കു പുറമെ തമിഴ്നാട്, ലക്ഷദ്വീപ്, ആൻഡമാൻ, പോണ്ടിച്ചേരി എന്നീ സംസ്ഥാന, കേന്ദ്ര ഭരണ പ്രദേശങ്ങളിൽ നിന്നുള്ള 1989 തീർത്ഥാടകരും കൊച്ചി എംബാർക്കേഷൻ പോയിന്റ് വഴിയാണ് യാത്രയാവുന്നത്. ഈ മാസം നാല് മുതൽ 16 വരെ സൗദി അറേബ്യൻ എയർലൈൻസിന്റെ ചാർട്ടർ ചെയ്ത 20 വിമാനങ്ങളിലായാണ് തീർത്ഥാടകരുടെ യാത്ര. ഓരോ വിമാനത്തിലും 377 തീർത്ഥാടകരുണ്ടാവും. ഫ്ലാഗ് ഓഫ് ചടങ്ങിൽ സംസ്ഥാന വ്യവസായ മന്ത്രി പി രാജീവ്, തുറമുഖ വകുപ്പ് മന്ത്രി അഹമ്മദ് ദേവർകോവിൽ, കേന്ദ്ര ഹജ്ജ് കമ്മിറ്റി ചെയർമാൻ എ പി അബ്ദുള്ളക്കുട്ടി, സംസ്ഥാന ഹജ്ജ് കമ്മിറ്റി ചെയർമാൻ സി മുഹമ്മദ് ഫൈസി, എംഎൽഎമാരായ പി ടി എ റഹീം, അൻവർ സാദത്ത്, ജില്ലാ കലക്ടർ ജാഫർ മാലിക്, മലപ്പുറം ജില്ലാ കലക്ടറും ഹജ്ജ് കമ്മിറ്റി എക്സിക്യൂട്ടീവ് ഓഫീസറുമായ വി ആർ പ്രേം കുമാർ, ഹജ്ജ് കമ്മിറ്റി അംഗങ്ങൾ തുടങ്ങിയവർ സംബന്ധിക്കും. ആദ്യ വിമാനത്തിൽ പുറപ്പെടുന്ന തീർത്ഥാടകർ ഇന്ന് രാവിലെ 8.30ന് ഹജ്ജ് ക്യാമ്പിൽ റിപ്പോർട്ട് ചെയ്യും. കോവിഡ് മാനദണ്ഡങ്ങൾ പാലിക്കുന്നതിന്റെ ഭാഗമായി ക്യാമ്പിൽ റിപ്പോർട്ട് ചെയ്യുന്നതിനു മുന്നോടിയായി ആർടിപിസിആർ പരിശോധനയ്ക്കുള്ള വിപുലമായ പ്രത്യേക സൗകര്യം എയർപോർട്ടിൽ ഒരുക്കിയിട്ടുണ്ട്. ഹജ്ജ് കമ്മിറ്റി അംഗങ്ങൾ, വോളണ്ടിയർമാർ, ആരോഗ്യ പ്രവർത്തകർ, ഹജ്ജ് സെൽ ഉദ്യോഗസ്ഥർ തുടങ്ങിയവർ ഇതിനകം ഹജ്ജ് ക്യാമ്പിൽ എത്തി പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു. ഹാജിമാരെ സൗകര്യപൂർവം യാത്രയാക്കുന്നതിനു വിപുലമായ സൗകര്യങ്ങളാണ് ക്യാമ്പിൽ ഒരുക്കിയിട്ടുള്ളത്.

# ഗസ്റ്റ് അധ്യാപക അഭിമുഖം

തിരുവനന്തപുരം സർക്കാർ വനിതാ കോളേജിൽ അറബിക്, സംസ്കൃതം വിഭാഗങ്ങളിൽ ഒഴിവുള്ള ഗസ്റ്റ് അധ്യാപക നിയമനത്തിനായുള്ള അഭിമുഖം ജൂൺ ആറിന് രാവിലെ 10.30ന് നടത്തും. കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർമാരുടെ മേഖലാ ഓഫീസുകളിൽ ഗസ്റ്റ് ലക്ചറർമാരുടെ പാനലിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർഥികൾ യോഗ്യത, ജനനത്തീയതി, മുൻപരിചയം എന്നിവ തെളിയിക്കുന്നതിനുള്ള അസൽ സർട്ടിഫിക്കറ്റുകൾ മേഖലാ ഓഫീസിൽ രജിസ്റ്റർ ചെയ്തത് തെളിയിക്കുന്നതിനുള്ള രേഖകൾ എന്നിവയുമായി അഭിമുഖത്തിന് നേരിട്ട് ഹാജരാകണം.

# തദ്ദേശ സ്ഥാപനങ്ങളിൽ ഇ ഗവേണൻസ് സംവിധാനം ശക്തിപ്പെടുത്തും

തിരുവനന്തപുരം: കേരളത്തിലെ നഗരസഭകളിൽ നിന്നും കോർപറേഷനുകളിൽ നിന്നും നിലവിൽ നൽകിക്കൊണ്ടിരിക്കുന്ന എല്ലാ സേവനങ്ങളും അതിവേഗത്തിലും ഉയർന്ന ഗുണനിലവാരത്തിലും ലഭ്യമാക്കാൻ ആവശ്യമായ സോഫ്റ്റ്വേർ സംവിധാനം ഏർപ്പെടുത്തുന്ന പ്രവർത്തനം ഉടൻ പൂർത്തിയാക്കുമെന്ന് തദ്ദേശ സ്വയംഭരണ മന്ത്രി എം വി ഗോവിന്ദൻ. നഗര തദ്ദേശ സ്ഥാപനങ്ങളിലെ ഇ ഗവേണൻസ് പരിഹാരങ്ങൾ സംബന്ധിച്ച് ഇൻഫർമേഷൻ കേരള മിഷന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച ദ്വിദിന ശില്പശാലയിൽ സംസാരിക്കുകയായിരുന്നു മന്ത്രി.

തദ്ദേശ സ്ഥാപനങ്ങളും ഏകീകൃത തദ്ദേശ സ്വയം ഭരണ വകുപ്പും നൽകുന്ന മുഴുവൻ സേവനങ്ങളും ഓൺലൈൻ ആയി ലഭ്യമാക്കുന്നതോടൊപ്പം ഈ സേവനങ്ങളെല്ലാം പൊതുജനങ്ങൾക്ക് അനുഭവവേദ്യമാക്കാൻ ആവശ്യമായ ഡിജിറ്റൽ സാക്ഷരത നേടാനുള്ള പ്രവർത്തനങ്ങളും സംഘടിപ്പിക്കുമെന്ന് മന്ത്രി പറഞ്ഞു. സാങ്കേതിക വിദ്യയെ അടിസ്ഥാനമാക്കി അനുദിനം നവീകരിച്ച് മുന്നോട്ടുപോവുമ്പോൾ ജനങ്ങൾക്ക് ലഭ്യമാകുന്ന സേവനങ്ങളെ സംബന്ധിച്ച അറിവും ഡിജിറ്റൽ സാക്ഷരതയും അനിവാര്യമാണ്. തദ്ദേശ സ്ഥാപന പ്രദേശത്തുള്ളവർക്ക് ഇത് ആർജ്ജിക്കാനുള്ള ക്യാമ്പയിന് ഉടൻ തുടക്കമിടേണ്ടതുണ്ടെന്ന് മന്ത്രി പറഞ്ഞു.

രണ്ട് ദിവസം നീണ്ടുനിന്ന ശില്പശാലയിൽ കേന്ദ്ര ഗവൺമെന്റിന്റെ ഇ ഗവേണൻസ് ഏജൻസിയായ നാഷണൽ അർബൻ ഡിജിറ്റൽ മിഷന്റെ പ്രതിനിധികൾ പങ്കെടുത്തു. ഐടി മിഷൻ, എൻഐസി, ഐകെഎം, സ്മാർട്ട് സിറ്റി തുടങ്ങിയ വിവിധ ഏജൻസികളും വകുപ്പ് മേധാവികളും പങ്കാളികളായി.

# വെള്ളത്തിൽ നിന്ന് ചാടിയ മീൻ കുടുങ്ങിയത് ചൂണ്ടയിട്ടയാളുടെ തൊണ്ടയിൽ

ബാങ്കോക്ക്: വെള്ളത്തിൽ നിന്ന് പൊങ്ങിച്ചാടിയ മീൻ ചെന്ന് കുടുങ്ങിയത് ചൂണ്ടയിടാനെത്തിയ ആളുടെ തൊണ്ടയിൽ. രക്ഷപ്പെടാനുള്ള വെപ്രാളത്തിൽ തൊണ്ടയിൽ നിന്ന് മൂക്കിലേക്ക് നീങ്ങിയ മീൻ തൊണ്ടയ്ക്കും നാസാദ്വാരത്തിനും ഇടയിൽ കുടുങ്ങി. മേയ് 22 ന് തായ്ലൻഡിലെ ഫത്താലൂങ് പ്രവിശ്യയിലാണ് നിർഭാഗ്യകരവും അതിവിചിത്രവുമായ സംഭവം നടന്നത്. അധികം വൈകാതെ തൊണ്ടയിൽ കുടുങ്ങിയ മീൻ ശ്വാസനാളത്തിലേക്ക് നീങ്ങി. ശ്വാസമെടുക്കാൻ ബുദ്ധിമുട്ടനുഭവപ്പെടാനും ആരംഭിച്ചതോടെ ആളെ ഉടൻ തന്നെ ആശുപത്രിയിലെത്തിച്ചു. തൊണ്ടയിൽ മീൻ പെട്ടതാണെന്നറിഞ്ഞതോടെ ആശുപത്രി അധികൃതരും ആദ്യമൊന്ന മ്പരന്നു. ആശുപത്രിയുടെ ചരിത്രത്തിൽ ആദ്യമായാണ് ഇത്തരമൊരു കേസ് റിപ്പോർട്ട് ചെയ്യുന്നത് എന്നതായിരുന്നു കാരണം.

എക്സ്റേ പരിശോധനയായിരുന്നു ആദ്യം നടത്തിയത്. അഞ്ചിഞ്ച് നീളമുള്ള മീൻ നിലയുറപ്പിച്ചതെവിടെ എന്ന കണ്ടെത്തിയതിന് പിന്നാലെ അടിയന്തരശസ്ത്രക്രിയയും നടത്തി. രോഗിയുടെ അവയവങ്ങൾക്ക് പോറലേൽപിക്കാതെ നുഴഞ്ഞുകയറ്റക്കാരനെ പുറത്തെടുക്കാനുള്ള ശസ്ത്രക്രിയ വിജയകരമായി പൂർത്തിയാക്കിയതായും രോഗി അപകടനില തരണം ചെയ്തതായും ആശുപത്രി വക്താവ് സെംസ്രി പതോംപനിസ്രാറ്റ് അറിയിച്ചു. മാർച്ചിലും തായ്ലൻഡിൽ സമാനസംഭവം നടന്നിരുന്നു. തായ്ലൻഡിലെത്തിയ ഒരു വിനോദസഞ്ചാരിക്കായിരുന്നു അപകടം പിണഞ്ഞത്. ബീച്ചിൽ കുളിക്കാറിനങ്ങിയ നൊപ്പാഡോൽ ശ്രിംഗാമിന്റെ തൊണ്ടയിൽ കുടുങ്ങിയത് നീഡിൽ ഫിഷായിരുന്നു. മീനിന്റെ വെപ്രാളത്തിൽ ശ്രിംഗാമിന്റെ തൊണ്ടയ്ക്ക് മുറിവേൽക്കുകയും ചെയ്തിരുന്നു. ആശുപത്രിയിലെത്തിച്ച ശ്രംഗാമിന്റെ തൊണ്ടയിൽ നിന്ന് മത്സ്യത്തെ നീക്കം ചെയ്യുകയും അപകടം ഒഴിവാകുകയും ചെയ്തിരുന്നു.

# ഡെപ്യൂട്ടേഷൻ ഒഴിവ്

തിരുവനന്തപുരം, കോഴിക്കോട് ഗവൺമെന്റ് ഹോമിയോപ്പതിക് മെഡിക്കൽ കോളേജ് ആശുപത്രികളിൽ ഒഴിവുള്ള സീനിയർ മെഡിക്കൽ ഓഫീസർ, മെഡിക്കൽ ഓഫീസർ തസ്തികകളിൽ ഒരു വർഷത്തേക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കുന്നതിന് ഹോമിയോപ്പതി വകുപ്പിൽ സമാന തസ്തികയിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥരിൽ നിന്നും മേലധികാരി മുഖേന അപേക്ഷ ക്ഷണിച്ചു.

സീനിയർ മെഡിക്കൽ ഓഫീസർ തസ്തികയിലേക്ക് കേരളത്തിലെ ഏതെങ്കിലും യൂണിവേഴ്സിറ്റിയൽ നിന്നും നേടിയ ഹോമിയോപ്പതി ഡിഗ്രി അഥവാ കേരളത്തിലെ സർവകലാശാലകളോ കേരളാ ഗവൺമെന്റോ തത്തുല്യമായി അംഗീകരിച്ചതോ അഥവാ 1973ലെ ഹോമിയോപ്പതിക് സെൻട്രൽ കൗൺസിൽ ആക്ടിലെ രണ്ടാം ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടുള്ള തത്തുല്യമായ മറ്റേതെങ്കിലും ഡിഗ്രി എന്നിവയാണ് യോഗ്യത. വിജയകരമായി പൂർത്തിയാക്കിയ ഹൗസ് സർജൻസി/ ഇന്റേൺഷിപ്പ്, ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിൽ രജിസ്ട്രാറുടെ 'എ' ക്ലാസ് രജിസ്ട്രേഷൻ എന്നിവയും ഹോമിയോപ്പതിക് മെഡിക്കൽ കോളേജ് ആശുപത്രിയിലെ/ ഹോമിയോപ്പതിക് ആശുപത്രിയിലെ മെഡിക്കൽ ഓഫീസറായി 5 വർഷത്തെ പരിചയവും വേണം. തിരുവനന്തപുരം 1, കോഴിക്കോട്1 എന്നിങ്ങനെയാണ് ഒഴിവുകൾ.

മെഡിക്കൽ ഓഫീസർ തസ്തികയ്ക്ക് കേരളത്തിലെ ഏതെങ്കിലും യൂണിവേഴ്സിറ്റിയിൽ നിന്നും നേടിയ ഹോമിയോപ്പതി ഡിഗ്രി അഥവാ കേരളത്തിലെ സർവകലാശാലാകളോ കേരള ഗവൺമെന്റോ തത്തുല്യമായി അംഗീകരിച്ചതോ അഥവാ 1973ലെ ഹോമിയോപ്പതിക് സെൻട്രൽ കൗൺസിൽ ആക്ടിലെ രണ്ടാം ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടുള്ള തത്തുല്യമായ മറ്റേതെങ്കിലും ഡിഗ്രി എന്നിവയാണ് യോഗ്യത.

വിജയകരമായി പൂർത്തിയാക്കിയ ഹൗസ് സർജൻസി/ ഇന്റേൺഷിപ്പ് എന്നിവയും ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിൽ രജിസ്ട്രാറുടെ 'എ' ക്ലാസ് രജിസ്ട്രേഷൻ എന്നിവയും അംഗീകൃത ഹോമിയോ ആശുപത്രിയിൽ ഹൗസ് ഫിസിഷ്യനായി ഒരു വർഷത്തെ പരിചയവും അഭികാമ്യം. തിരുവനന്തപുരം4, കോഴിക്കോട്4 എന്നിങ്ങനെയാണ് ഒഴിവുകൾ.

അപേക്ഷകർ കേരള പബ്ലിക് സർവീസ് കമ്മീഷൻ മുഖേന നിയമനം നേടിയവരും 42500 87000 (സീനിയർ മെഡിക്കൽ ഓഫീസർ), 39500 83000 (മെഡിക്കൽ ഓഫീസർ) ശമ്പള സ്കെയിലിൽ ജോലി ചെയ്യുന്നവരും ആയിരിക്കണം. അപേക്ഷകൾ പ്രിൻസിപ്പാൾ ആന്റ് കൺട്രോളിംഗ് ഓഫീസർ, ഗവൺമെന്റ് ഹോമിയോപ്പതിക് മെഡിക്കൽ കോളേജ്, ഐരാണിമുട്ടം, തിരുവനന്തപുരം695009 എന്ന വിലാസത്തിൽ ജൂൺ 20 നകം ലഭിക്കണം. ഇമെയിൽ : pcodhme@gmail.com.




രണ്ടാം പിണറായി വിജയൻ സർക്കാരിന്റെ ഒന്നാം വാർഷിക ആഘോഷ സമാപനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കുന്നു

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.